# പഞ്ചാംഗം.

---

എപ്പകത്തി ൧൯. [illegible] ഞായറാഴ്ച അക്ഷരം. F

## ൧൯൨൯ ഒക്ടോബർ.— ൧൧൦൫ കന്നി-തുലാം.

☞ ഈ മാസത്തിൽ ൫൦ മണിജപം ദേവാലയത്തിൽവച്ചു കൂട്ടമായിട്ടോ തക്കകാരണത്താൽ തനിച്ചോ, സുഖമില്ലാത്തവർ വീട്ടിൽവച്ചോ എത്തിക്കുന്ന ഓരോപ്രാവശ്യവും ൭ ആണ്ടും ൭ മണ്ഡലവും ദ. വി. ൧൦ ദിവസമെങ്കിലും ജപിച്ചു കുമ്പസാരിച്ചു കുർബ്ബാന കൈക്കൊണ്ടു, മാർപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിച്ചാൽ പൂ. ദ. വി. ൧൮൯൮-ാംലെ യോൻ മാർപ്പാപ്പാ കല്പിച്ചനുവദിച്ചിരിക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | 15 | ചൊ | മൗ. അ. റെമീജിയൂസ് ന. ആ. കു വെ. | വെ. |
| 2 | 16 | ബു | ✻ കാവൽ മാലാഖാ ന. ആ. കു. വെ. | വെ. |
| 3 | 17 | വ്യാ | ✻ ക. മാതാവു ക്രിസ്ത്യാ. സഹായം ന. ആ. കു. വെ. | വെ. |
| 4 | 18 | വെ | മൗ. പ്രംസീസ്കോസ് അസീസി ന. ആ. കു. വെ. പാവർട്ടി നാല്പതുമണി ആരാധന ആരംഭം. | വെ. |
| 5 | 19 | ശ | വേ. പ്ലാസിദോസും കൂട്ടരും ന. ആ. കു. വെ, | ചു. |
| 6 | 20 | ഞാ | ✠ പന്ത. ൨൦-ാം ഞാ. ന. കു. ആ. [illegible] | പ. |
| 7 | 21 | തി | മൗ. പാ. മർക്കോസ് ന. ആ. കു. വെ. | വെ. |
| 8 | 22 | ചൊ | ✻ വി. ബ്രിജീത്താ ന. ആ. കു വെ. | വെ. |
| 9 | 23 | ബു | വേ. ദിയാനേസിയോസും കൂട്ടരും ന. ആ. കു. വെ. | ചു. |
| 10 | 24 | വ്യാ | മൗ. പ്രംസീസ്കോസ് ബോർ. ന. ആ. കു. വെ. | വെ. |
| 11 | 25 | വെ | വേ. പാ. ഉമ്പാനോസ് ന. ആ. കു. വെ. (മേയ് 25) | ചു. |
| 12 | 26 | ശ | ✻ മൗ. പാ. ഗ്രിഗോരിയോസ് ന. ആ. കു. വെ. | വെ. |
| 13 | 27 | ഞാ | ✠ പന്ത. 21-ാം ഞാ. ന. കു. ആ. [illegible] | പ. |
| 14 | 28 | തി | വേ. പാ. കലിസ്റ്റൂസ് ന. ആ. കു. വെ. | ചു. |
| 15 | 29 | ചൊ | ✻ ക. ത്രേസ്യാ ന. ആ. കു. വെ. | വെ. |
| 16 | 30 | ബു | വേ. പാ. എലെവുത്തേരോസ് ന. ആ.കു.വെ. (മേയ് 26) | ചു. |
| 17 | 1 | വ്യാ | ✻ ക. മർഗ്ഗരീത്താ മറിയം അൽക്കൊ ന. ആ. കു. വെ. | വെ. |
| 18 | 2 | വെ | ലൂക്കാ ഏവൻഗേലിസ്താ ന. ആ. കു. വെ. | ചു. |
| 19 | 3 | ശ | ✻ മൗ. പത്രോസ് അൽ. ന. ആ. കു. വെ. | വെ. |
| 20 | 4 | ഞാ | ✠ പന്ത. 22-ാം ഞാ. ന. കു. ആ. [illegible] | പ. |
| 21 | 5 | തി | ആ. ഹിലാരിയോൻ ന. ആ. കു. വെ. | വെ. |
| 22 | 6 | ചൊ | ✻ മറിയം ശാലോം ന. ആ. കു. വെ. | വെ. |
| 23 | 7 | ബു | ✻ ദിവ്യരക്ഷകൻ ന. ആ. കു. വെ. | വെ. |
| 24 | 8 | വ്യാ | ✻ റപ്പായേൽ മാലാകാ ന. ആ. കു. വെ. | വെ. |
| 25 | 9 | വെ | വേ. ക്രൂസാന്തോസും കൂട്ടരും ന. ആ. കു. വെ. | ചു. |
| 26 | 10 | ശ | വേ. പാ. എവരിസ്റ്റൂസ് ന. ആ. കു. വെ. | ചു. |
| 27 | 11 | ഞാ | ✠ പന്ത. 23-ാം ഞാ. ന. കു. ആ. [illegible] ☞ അടുത്ത വ്യാഴം ഇ. വി. വെള്ളി കടം. ആദ്യവെള്ളി. | പ. |
| 28 | 12 | തി | (†) ശ്ലീ. ശെമഓനും യൂദായും ന. കു. വെ. ഇരിങ്ങാലക്കുട. പടി. പള്ളി. ന. ക. രാജത്വ. തിരുനാൾ. | ചു. |
| 29 | 13 | ചൊ | വേ. പാ. ഫെലിക്സ് (മേയ് 30) ന. ആ. കു. വെ. | ചു. |
| 30 | 14 | ബു | ക. പത്രോനില ന. ആ. കു. വ. (മേയ് 31) | വെ. |
| 31 | 15 | വ്യാ | സകല. ശു. തലേനാൾ ന. ആ. കു. തലെ. ഇ. വി. | റോ. |



വി. യോവാൻ ഓഫ് ആൎക്ക്.

# കർമ്മലകുസുമം.

പുസ്തകം ൨) ൧൯൨൯ ഒക്ടോബർ. (ലക്കം ൧൦.


# ദൈവദൂതകീർത്തനം.


(ശ്രീമാൻ എ. ററി. ദേവസ്സി; എങ്ങണ്ടിയൂർ).


"അല്ലിയെറും" എന്ന രീതി.

പല്ലവി.

ദൈവദൂത! നീ പാഹിമാം ദൈവദൂത! നീ പാഹിമാം
പാഹിമാം നീ ദൈവദൂത! നീ പാഹിമാം ദൈവദൂത!

ചരണങ്ങൾ.

1) മർത്ത്യരക്ഷക്കുതകീടും മാർഗ്ഗമെല്ലാമരുളീടാൻ
മർത്ത്യരോടൊന്നിച്ച ദൃശ്യരൂപനായ് മേവീടും ദൂത! (ദൈവ...)
2) ജീവിതാരണ്യമാകുന്ന മാർഗ്ഗേസഞ്ചരിക്കുമെന്നെ
കൈവിടാതെ കാത്തീടുക, കാരുണ്യമൂർത്തിയാം ദൂത! (ദൈവ...)
3) ക്രൂരൻ നരകഭോഗി ദുർമ്മാർഗ്ഗത്തിൽക്കൂടിയിവനെ
ചരിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അറിയുകവൻെറശീഷ്മം (ദൈവ...)
4) പൂതമായീടുന്നതവപ്രേരണയാലെൻ ജോലികൾ
ജാതപൂതമായിത്തീരാൻ കടാക്ഷിക്ക ദൈവദൂത! (ദൈവ...)
5) സർവ്വേശപരൻ തൻതൃപ്പാദേ, മാമകാഭ്യർത്ഥനയെല്ലാം
സർവ്വേശപരദൂത! ചേർക്ക; സർവ്വദാ കാത്തീടുകെന്നെ. (ദൈവ...)

# പ്രസാധകക്കുറിപ്പുകൾ.

## ജപമാലഭക്തി.

ഈമാസത്തിൽ രണ്ടുസംഗതികളാണ് വിശ്വാസികളുടെ ശ്രദ്ധയ്ക്കു പ്രധാനമായി വിഷയീഭവിക്കുന്നതു്. ഒന്നു ജപമാലഭക്തി, മററൊന്നു ദൈവദൂതന്മാരുടെ സ്മരണ. ഒക്ടോബർമാസം ഒന്നാം ഞായറാഴ്ച ജപമാലരാജ്ഞിയുടെ തിരുനാൾ കൊണ്ടാടപ്പെടുന്നു. പതിനാറാംനൂററാണ്ടിൽ ജപമാലരാജ്ഞിയുടെ അത്ഭുതസഹായത്താൽ ക്രിസ്തീയസൈന്യങ്ങൾക്കു മഹമ്മദീയരുടെമേൽ സിദ്ധിച്ച ഒരു വിജയത്തിൻെറ സ്മാരകമായിട്ടാണ് ജപമാലത്തിരുനാൾ സ്ഥാപിതമായതു്. അതിൽപ്പിന്നെയും പല ആശ്ചര്യകരമായ സഹായങ്ങൾ ഈ

സ്വൎഗ്ഗീയ ആയുധംവഴി കത്തോലിക്കാ സഭയ്ക്കു ലഭിച്ചുവരുന്നുമുണ്ട്. നരക സൈന്യങ്ങളുടെ ആക്രമണം ശക്തിപ്പെട്ടുവരുന്ന ഇക്കാലത്തു സത്യവിശ്വാസികളേവരും പൂൎവ്വാധികം ഭക്തിയോടും വിശ്വാസത്തോടുംകൂടി ഈ ആയുധം പ്രതിദിനം ഉപയോഗിച്ചു നമ്മുടെ മാതാവായ തിരുസഭയ്ക്കുവേണ്ടി പോരാടുന്നതിൽ ഉൽസുകരായിരിക്കേണ്ടതാണു.

## കാവൽ മാലാകാമാർ.

ഒക്ടോബർമാസം മാലാഖാമാരുടെ സ്മരണയ്ക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചു നമ്മുടെ കാവൽ മാലാഖാമാരുടെ ഓൎമ്മയെ കൊണ്ടാടുന്നതിനും, അവരോടുനമുക്കുള്ള കൃതജ്ഞതയെ പ്രദൎശിപ്പിക്കുന്നതിനും, നമ്മുടെ നന്ദികേടുകളെക്കുറിച്ചു ക്ഷമാപണം ചെയ്യുന്നതിനും, നിത്യപരമഭാഗ്യത്തിൽ ചെന്നെത്തുന്നതുവരെയുള്ള സകല കാൎയ്യങ്ങളും അവരെ ഭരമേല്പിക്കുന്നതിനും തക്കഅവസരം ഇതായിരിക്കുന്നു. അലറുന്ന സിംഹംപോലെ നമ്മെവിഴുങ്ങുന്നതിനു സദാ ഓടിനടക്കുന്ന ആ നരകശത്രുവിന്റെ തന്ത്രങ്ങളിൽ ഈ സ്വൎഗ്ഗീയ കാവൽക്കാരുടെ ശക്തിമത്തായ സഹായം നമുക്കു എത്ര ഉപകരിക്കുന്നുണ്ടെന്നുള്ളതു നാം ഒരിക്കലും വിസ്മരിച്ചുകളയരുതു്. ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും അവരെ ഓൎത്തു നന്ദി പറയുന്നതിനുള്ള അഭ്യാസം ഈ മാസത്തിൽ സമ്പാദിക്കണം.

## ലണ്ടനിലെ കോൺഗ്രസ്സ്.

ബ്രിട്ടീഷ് ദ്വീപുകളിലെ കത്തോലിക്കൎക്കു മതസ്വാതന്ത്ര്യം ലഭിച്ചതിന്റെ ശതാബ്ദഘോഷവും അവിടത്തെ കത്തോലിക്കരുടെ മഹാജന സമ്മേളനവും സെപ്തംബർ ൧൯-ാംനു- മുതൽ അഞ്ചുദിവസത്തേക്കു അത്യാഡംബരപൂൎവ്വം ലണ്ടനിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. ൧൯൦൮-ൽ സൎവ്വരാജ്യ ദിവ്യകാരുണ്യസമ്മേളനം ലണ്ടനിൽവച്ചു നടത്തിയപ്പോൾ ദിവ്യകാരുണ്യ പ്രദക്ഷിണം ലണ്ടനിലെ തെരുവീഥിയിൽകൂടെ നടത്തുന്നതിനു അനുമതി ലഭിക്കയുണ്ടായില്ല. ഇരുപതു കൊല്ലത്തിന്റെ ശേഷം ഇംഗ്ലണ്ടിൽ കത്തോലിക്കമതത്തിന്റെ നില എത്ര വ്യത്യാസപ്പെട്ടുപോയിട്ടുണ്ടെന്നുള്ളതിനു ഈ മഹാജനസഭാ സമ്മേളനം സാക്ഷ്യംവഹിക്കുന്നു. യാതൊരു പ്രതിബന്ധവും കൂടാതെ കോൺഗ്രസ്സ് സംബന്ധിച്ച സമസ്തചടങ്ങുകളും അത്യന്തം മംഗളമായി നിൎവ്വഹിക്കപ്പെട്ടു. സതാക്ക് കത്തീഡ്രലിൽനിന്നു വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിലേക്കുണ്ടായ ഘോഷയാത്രയിൽ പതിനയ്യായിരത്തിൽപ്പരം കത്തോലിക്കർ നിബ്ബാധം സംബന്ധിച്ചു. വെസ്റ്റ്മിനിസ്റ്റർ ഭദ്രാസന ദേവാലയത്തിന്റെ മുററത്തു തയറാക്കപ്പെട്ടിരുന്ന ബലിപീഠത്തിൽ കാൎഡിനൽ ബോൺ തിരുമനസ്സുകൊണ്ടു സമൎപ്പിച്ച ആഘോഷ ദിവ്യപൂജയിൽ ഇരുപതിനായിരം ആളുകൾ സന്നിഹിതരായിരുന്നു. കർദ്ദിനാൾ മെത്രാപ്പോലീത്തായെ കൂടാതെ നാലു മെത്രാപ്പോലീത്താമാരും, ഇരുപതു മെത്രാന്മാരും അനേകശതം വൈദികരും ആഘോഷത്തിൽ പങ്കുകൊണ്ടു. ഗ്രഡിയർ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്, ഫിററ്സാലൻപ്രഭു, ചെസ്റ്റേർട്ടൻ, മന്ത്രിസഭാംഗമായ സർ ജെയിംസ് മെൽവെയിൽ ആദിയായവരായിരുന്നു പ്രാസംഗികന്മാർ. രണ്ടാംദിവസം നടന്ന ബാലദിനാഘോഷത്തിൽ നാല്പത്തിരണ്ടിടവകകളിൽനിന്നു അനവധിസഹസ്രം ബാലികാബാലന്മാർ ലണ്ടനിൽ സമ്മേളിച്ചു. ആകപ്പാടെ ഇംഗ്ലണ്ടിൽ കത്തോലിക്കരുടെ ശക്തി നാൾക്കുനാൾ പ്രബലപ്പെട്ടുവരുന്നതു ചരിതാൎത്ഥ്യജനകം തന്നെ.

## ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ മാതാവു്.

ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക്കാ മഹോന്നത ദിവ്യശ്രീ എഡ്വാർഡ് മൂണി തിരുമനസ്സിലെ മാതാവായ സാറാമൂണി എന്നമഹതി അമ്മേരിക്കയിൽ വച്ചു് കഴിഞ്ഞമാസത്തിൽ എൺപതാമത്തെവയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതയായ ഈ മഹതിയുടെ നിത്യാശാന്തിക്കായി കുസുമവായനക്കാർ പ്രാൎത്ഥിക്കുമല്ലൊ.

# മാലാഖാമാർ.

(റൈററ് റവ. മോൺസിഞ്ഞോർ ആൻറനി പുതുശ്ശേരി.)

മാലാഖാമാർ ഉണ്ടെന്നുള്ളതു തിരുസഭ പഠിപ്പിക്കുന്ന ഒരു വിശ്വാസസത്യമാകുന്നു. മാലാഖാസ്കൂട്ടത്തതും ഭൗമികവുമായ ഇരു സൃഷ്ടികളേയും ദൈവം നിൎമ്മിച്ചുവെന്നു ലത്തെറാനിൽ കൂടിയ നാലാം സൂനഹദോസു പ്രസ്താവിച്ചിട്ടുണ്ടു്. ഈ സത്യത്തെ വിശദമാക്കുന്ന അനവധി രേഖകൾ വേദപുസ്തകത്തിൽ ഇല്ലാതിരിക്കുന്നില്ല. ദൈവത്തിൻെറ മാലാഖാ അകാശത്തുസിന്നു ഹാഗാറിനെ വിളിച്ചതായി മൂശയുടെ ഒന്നാം പുസ്തകം ൨൧. ൧൭-ൽ കാണുന്നു. കൂടാതെ "ദൈവത്തിൻെറ സ്വൎഗ്ഗത്തിലെ മാലാഖാമാരേപ്പോലെ അവർ പുനരുത്ഥാനത്തിൽ വിവാഹം കഴിക്കുന്നില്ല, വിവാഹം കഴിക്കപ്പെടുന്നതുമില്ല" എന്നു വി. മത്തായി സുവിശേഷം ൨൨. ൩൦-ൽ വ്യക്തമായി പറയപ്പെട്ടിട്ടുണ്ടു്. "മാലാഖാമാർ ഉണ്ടെന്നു വിശ്വാസത്താലെ നാം ഗ്രഹിക്കുന്നു" വെന്നത്രെ വി. അഗസ്റ്റിനോസു സാക്ഷ്യപ്പെടുത്തിയിട്ടുള്ളതു്.

"മാലാഖാ" എന്ന പദംതന്നെ ഇതര ഭാഷകളിൽ "ദൂതൻ" എന്നു് അൎത്ഥമുള്ളതാകുന്നു. തൻമൂലം മാലാഖാമാർ പലപ്പോഴും മനുഷ്യരുടെ പക്കലേക്കു ദൈവത്തിൻെറ ദൗത്യം വഹിച്ചിട്ടുള്ള പലേ ദൃഷ്ടാന്തങ്ങൾ വേദപുസ്തകത്തിലുണ്ടു്. വി. യോഹന്നാൻ മാംദാനായുടെ പിറവി അറിയിച്ചുകൊണ്ടു ഗൌറിയേൽ മാലാഖാ സക്കറിയാസിന്നു പ്രത്യക്ഷനായി. അതേ മാലാഖാ മാനുഷാവതാരത്തിൻെറ മംഗളവാൎത്തയെ പരിശുദ്ധ കന്യകയോടു് അറിയിക്കുവാൻ ദൈവത്താൽ യാത്രയാക്കപ്പെട്ടു. റപ്പായേൽ മാലാഖാ തോബിയാസിൻെറയും മററും അടുക്കലേക്കു് അയയ്ക്കപ്പെട്ടിട്ടുണ്ടു്. അബ്രാഹം, യാക്കോബ്, ഗെദെയോൻ, മൂശ, എന്നീ പഴയനിയമത്തിൽ പെട്ട പലൎക്കും മാലാഖാമാരുടെ ദൎശനം സിദ്ധിച്ചിട്ടുള്ളതായി നാം അറിയുന്നു.

മാലാഖാമാർ കേവലം അരൂപികളാണു്. അതായതു്, അവർ ബുദ്ധിശക്തിയുള്ള അശരീരികളാകുന്നു. നമ്മുടെ ആത്മാവിനെപ്പോലെ അവൎക്കു് ഓരോ ശരീരങ്ങളോടു യോജിക്കേണ്ടുന്ന ആവശ്യകതയില്ല. "ദൈവം അരൂപികളെ തൻെറ ദൂതന്മാരാക്കുന്നു"വെന്നു വി. പൌലോസ് (എബ്രെ. ൧. ൭) സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. "മാലാഖാ കേവലം അരൂപിയും മനുഷ്യൻ അരൂപിയും ശരീരമുള്ളവനുമാകുന്നു" വെന്നത്രെ വി. ഗ്രിഗോരിയോസ് എഴുതിയിട്ടുള്ളതു്. എന്നാൽ മനുഷ്യരൂപത്തിൽ അവരുടെ ഛായാപടങ്ങൾ ചിത്രിക്കപ്പെട്ടിട്ടുള്ളതു് അവൎക്കു ശരീരമുണ്ടായിട്ടില്ല. പ്രത്യുത, നമുക്കു് എളുപ്പത്തിൽ മനസ്സിലാകുന്നതിനുവേണ്ടി അവർ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതായി വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നതുകൊണ്ടാകുന്നു. മാലാഖാമാർ ദൈവാജ്ഞയെ തത്സമയം നിറവേററുന്നതിലുള്ള അവരുടെ സന്നദ്ധതയെ കാണിപ്പാനായി അവരെ ചിറകുകളുള്ളവരായി രൂപീകരിച്ചു് ആ വിധം ചിത്രിക്കുന്നുണ്ടു്.

ഇങ്ങനെ അരൂപികൾ മാത്രമായിരിക്കുന്ന ഈ മാലാഖാമാരെ ശൂന്യാവസ്ഥയിൽനിന്നു ദൈവം സൃഷ്ടിച്ചു. സമയത്തേപ്പററി വേദപുസ്തകം ക്ലിപ്തമായി ഒന്നും പറയുന്നില്ല. എങ്കിലും പിതാക്കന്മാരുടേയും ദൈവികശാസ്ത്രജ്ഞന്മാരുടേയും പൊതുവായ അഭിപ്രായം മാലാഖാമാർ ലോകസൃഷ്ടിയുടെ ആറു ദിവസങ്ങളിൽ ഒന്നാമത്തെ ദിവസം സൃഷ്ടിക്കപ്പെട്ടുവെന്നാണു്. എന്തുകൊണ്ടെന്നാൽ ഒന്നാം ദിവസത്തിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചുവെന്നു വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ടു്. ഈ ആകാശം നാം കാണുന്നതും സൂൎയ്യനക്ഷത്രാദികൾ സ്ഥിതിചെയ്യുന്നതുമായ ആകാശത്തട്ടല്ല. എന്തെന്നാൽ ആ ആകാശത്തട്ടു രണ്ടാം ദിവസമേ

സൃഷ്ടിക്കപ്പെട്ടിട്ടുള്ളു. തൻമൂലം ഒന്നാംദിവസം സൃഷ്ടിക്കപ്പെട്ട ആകാശം മാലാഖാമാരുടെ വാസസ്ഥലമാണെന്നു വിശ്വസിക്കേണ്ടതാകയാൽ അന്നുതന്നെ മാലാഖാമാരും സൃഷ്ടിക്കപ്പെട്ടതായി അനുമാനിക്കപ്പെടുന്നു. സൃഷ്ടിക്കപ്പെട്ട മാലാഖാമാർ എണ്ണത്തിൽ അനവധിയുണ്ട്. അവർ മൂന്ന് അദ്ധ്യക്ഷാധിപത്യങ്ങളിൽ ഉൾപ്പെട്ടവരായി ഒമ്പതു വൃന്ദങ്ങൾ എന്ന തരഭേദത്തോടുകൂടി വേർതിരിഞ്ഞിരിക്കുന്നു. ഒന്നാമത്തെ അദ്ധ്യക്ഷാധിപത്യത്തിൽ ഭക്തിജ്വാലകന്മാർ, ജ്ഞാനാധിക്യന്മാർ, ഭദ്രാസനന്മാർ- രണ്ടാമത്തേതിൽ നാഥകൃത്യന്മാർ, താത്വികന്മാർ, ബലവത്തുക്കൾ— മൂന്നാമത്തേതിൽ സമാധാനമുഖ്യന്മാർ, മുഖ്യദൈവദൂതന്മാർ, ദൈവദൂതന്മാർ എന്നിങ്ങനെ ഒമ്പതു വൃന്ദങ്ങളാണുള്ളത്.

ഒന്നാമത്തെ അദ്ധ്യക്ഷാധിപത്യത്തിൽ ഉൾപ്പെട്ട ഭക്തിജ്ജ്വാലകന്മാർ അതിയായ ദൈവസ്നേഹത്താലും ജ്ഞാനാധിക്യന്മാർ വലുതായ ദൈവജ്ഞാനത്താലും ഭദ്രാസനന്മാർ ദൈവസിംഹാസനത്തിങ്കലുള്ള ശുശ്രൂഷയാലും ദൈവത്തോടു വളരെ അടുത്തിരിക്കുന്ന വൃന്ദങ്ങളാകുന്നു. രണ്ടാം അദ്ധ്യക്ഷാധിപത്യത്തിലെ നാഥകൃത്യന്മാർ പ്രതാപവും താത്വികന്മാർ ശ്രേഷ്ഠതയും, ബലവത്തുക്കൾ ശക്തിയും, അസാധാരണമായി ഉള്ളവരെന്ന് അവരുടെ നാമംതന്നെ വിശദമാക്കുന്നുണ്ട്. എന്നാൽ മൂന്നാം അദ്ധ്യക്ഷാധിപത്യത്തിൽ എണ്ണപ്പെടുന്ന സമാധാനമുഖ്യന്മാർ, മുഖ്യദൈവദൂതന്മാർ, ദൈവദൂതന്മാർ എന്നിങ്ങനേയുള്ള മൂന്നു വൃന്ദം മാലാഖാമാരുടെ നാമങ്ങൾ അവർക്കുകീഴ സൃഷ്ടികളായവരോടുള്ള ബന്ധത്തെ കാണിക്കുന്നു.

ദൈവത്തിന്റെ സേനാവകുപ്പുകൾ എന്നുകൂടി അഭിധാനം ചെയ്യപ്പെടുന്ന ഈ ഒമ്പതു വൃന്ദങ്ങളിലെ മാലാഖാമാരുടെ എണ്ണം സംഖ്യാതീതമാകുന്നു. അതു ദൈവത്തിന്നല്ലാതെ ആ മാലാഖാമാർക്കുപോലും അറിയപ്പെട്ടിട്ടില്ലത്രെ. "ആയിരം ആയിരങ്ങൾ അവനു ശുശ്രൂഷചെയ്തു. പതിനായിരം പതിനായിരങ്ങൾ അവന്റെ മുൻപാകേ നിന്നു" എന്നു ദാനിയേൽ ൭. ൧൦-ൽ കാണുന്നതുതന്നെ മാലാഖാമാരുടെ എണ്ണം നിർണ്ണയമുള്ളതല്ലെന്നു പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. എന്നാൽ ഇത്ര അധികം എണ്ണമുള്ളതിൽ മൂന്നു മാലാഖാമാരുടെ പേരുകൾ മാത്രമേ നമുക്ക് അറിയപ്പെട്ടിട്ടുള്ളു. അവ മിഖായേൽ, ഗബ്രിയേൽ, റപ്പായേൽ എന്നീ മൂന്നു പേരുകളാകുന്നു. ഇവരിൽ മിഖായേൽ, മാലാഖാമാരുടെ പ്രധാനിയായിട്ടത്രെ അറിയപ്പെടുന്നത്. എന്തെന്നാൽ "മിഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു യുദ്ധം ചെയ്തു"വെന്നു ശ്ലീഹന്മാരുടെ വെളിപാട് ൧൨-൭-ൽ കാണുന്നു.

---

# രുമേന്ന്യൻ കൊങ്കോർദാത്തു്.

പരിശുദ്ധ സിംഹാസനവും രുമേന്ന്യായും തമ്മിൽ ഒപ്പുവച്ചു മാറിയിട്ടുള്ള വൈദികയുടമ്പടി പ്രസിദ്ധം ചെയ്തു കഴിഞ്ഞിരിക്കുന്നു. ലത്തീൻ റീത്തുകളിലായാലും പൌരസ്ത്യ റീത്തുകളിലായാലും ശ്ലൈഹികമായ റോമൻ കത്തോലിക്കാമതം രുമേന്ന്യായിൽ എവിടെയും സർവ്വസ്വാതന്ത്ര്യമായി വിശ്വസിച്ചാചരിക്കപ്പെടാമെന്നു ഒന്നാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നു. രാജ്യത്തിലുള്ള സകല വിദ്യാലയങ്ങളിലും ഗവർമ്മെണ്ടു നടത്തുന്നവയിലും പ്രൈവറ്റായുള്ളവയിലും മതാഭ്യാസം നൽകുന്നതിനുള്ള സ്വാതന്ത്ര്യം വേറൊരു വകുപ്പിനാൽ ദത്തമായിരിക്കുന്നു. രുമേന്ന്യായിലെ ജനസംഖ്യയിൽ കഷ്ടിച്ച് ആറിലൊന്നുമാത്രമെ കത്തോലിക്കമതാവലംബികളായിരിക്കുന്നുള്ളുവെന്നാലോചിക്കുമ്പോൾ ഈ ആനുകൂല്യം ഗവമ്മെണ്ടധികാരികളുടെ ഉദാരമനസ്കതയെ വേണ്ടുംവണ്ണം സൂചിപ്പിക്കുന്നുണ്ട്. ഹംഗാറിയായിൽനിന്ന് പുതിയ പ്രദേശങ്ങൾ അടുത്ത കാലത്തു ചേർത്തതിനാലാണ് ഇത്രയും കത്തോലിക്കർ തന്നെയുണ്ടായത്. ട്രാൻസിൽവാനിയ മുതലായ സംസ്ഥാനങ്ങളിൽ അനുഭവപ്പെട്ടിരുന്ന മതപീഡനംമുതലായവ ഈ കൊങ്കോർദാത്തോടുകൂടി അവസാനിച്ചിരിക്കുന്നു.

# പ. കന്യകയും ആദ്യശതകങ്ങളും

(റവ. ഫാദർ ഹില്ലാര്യോൻ സി. ഡി.)

പരിശുദ്ധ കന്യകയോടുള്ള ഭക്തി കത്തോലിക്കാസഭയുടെ തെററായ പഠനങ്ങളിൽ ഒന്നാണെന്നും, അതു പ്രാദുർഭവിച്ചതുതന്നെ സഭ പൊതുവെ ദുഷിച്ചിരുന്ന ശതകങ്ങളിലാണെന്നും, പ്രോട്ടസ്റ്റൻറുകാരെ അനുകരിച്ച് നമ്മുടെയിടയിലുള്ള ചില അകത്തോലിക്കരും ധിക്കാരപൂർവ്വം പറയാറുണ്ട്. എന്നാൽ പരിശുദ്ധ കന്യകയോടുള്ള ഭക്തി ക്രിസ്തുമതത്തിൻെറ ആദിമശതകങ്ങളിൽത്തന്നെ ഉണ്ടായിരുന്നെന്നും, അല്ലാതെ ഇടക്കാലത്തു് ഉണ്ടായിട്ടുള്ളതല്ലെന്നും സഭാചരിത്രവും പിതാക്കന്മാരുടെ കൃതികളും വായിച്ചിട്ടുള്ളവക്കു നല്ലതുപോലെ അറിയാം.

വേദസാക്ഷിയായ വി. ജസ്റ്റിൻ (A. D. 120–165) പാലസ്റ്റയിനിലെ വിശ്വാസത്തിനു് സാക്ഷ്യംവഹിക്കുന്നു. അദ്ദേഹം ഇപ്രകാരം എഴുതുന്നു. "അയാൾ സ്വശക്തിയാൽ പിതാവിൽനിന്നു് പുറപ്പെട്ടു പരിശുദ്ധ കന്യക വഴിയായി ലോകത്തിൽ പ്രവേശിച്ചു. കന്യകയായ ഹാവാ പിശാചിൻെറ വചനത്തെ ധരിച്ചു; അനുസരണക്കേടും മരണവും ഉല്പാദിപ്പിക്കുകയും ചെയ്തു. പ. കന്യകയോടു് മാലാഖാ മംഗലവാർത്ത അറിയിച്ചപ്പോൾ അവൾ അസാമാന്യ സന്തുഷ്ടി അനുഭവിച്ചു. അത്യുന്നതൻെറ ശക്തി തൻെറമേൽ നിഴലിക്കുമെന്നും, ദൈവസുതൻ താൻ മാതാവാകുമെന്നും അവൾ യഥാർത്ഥത്തിൽ വിശ്വസിച്ചു. 'നിൻെറ വചനംപോലെ എന്നിൽ നിറവേറട്ടെ' എന്നുത്തരിക്കുകയും ചെയ്തു."

സഭാപിതാക്കന്മാർ നമ്മുടെ കത്താവിനെ രണ്ടാമത്തെ ആദമെന്നു് അഭിസംബോധന ചെയ്യുമ്പോഴൊക്കയും മാതാവിനെ രണ്ടാമത്തെ ഹാവായെന്നും വിളിക്കുന്നു.

റോമിലേയും അഫ്രിക്കയിലേയും വിശ്വാസത്തെ പ്രതിനിധീകരിക്കുന്ന തെർത്തുല്യൻ (A. D. 160–240) ഇപ്രകാരമാണു് പറയുന്നതു്. 'കന്യകയായ ഹാവായിൽ പ്രവേശിച്ച വചനം മരണത്തെ ഉല്പാദിപ്പിച്ചു. മറെറാരു കന്യകയിലാകട്ടെ ജീവനായ വചനം പ്രവേശിക്കുകയും, ഇപ്രകാരം സ്ത്രീനശിപ്പിച്ച ആയുസ്സും രക്ഷയും സ്ത്രീയാൽത്തന്നെ സമുദ്ധരിതമാകയും ചെയ്തു. ഹാവാ സർപ്പത്തെ വിശ്വസിച്ചു; മറിയം ഗബ്രിയേൽ ദൂതനെ വിശ്വസിച്ചു. ഹാവായുടെ വിശ്വാസംമൂലംവന്ന നാശത്തെ മറിയത്തിൻെറ വിശ്വാസം തീർത്തു.'

ഏഷ്യാമൈനറിലെ വിശ്വാസത്തെ പ്രതിനിധീകരിക്കുന്ന വി. ഇരനേയൂസ് (A. D. 120–200) ഇപ്രകാരമാണു് പറയുന്നതു്. "കത്താവെ, നിൻെറ ദാസി ഇതാ; നിൻെറ ഇഷ്ടംപോലെ എന്നിൽ ഭവിക്കട്ടെ, എന്നു കന്യകയായ മറിയം പറയുന്നു. കന്യകയായ ഹാവായാകട്ടെ അനുസരണയില്ലാത്തവളായിരുന്നു. ഹാവായിക്കു് ആദം ഭർത്താവായിട്ടുണ്ടായിരിക്കുകയും, എന്നാൽ ആ നാൾവരെ കന്യകയായിരിക്കുകയും ചെയ്തു. അവൾ അനുസരണയില്ലാത്തവളാകുകയും തൻമൂലം മനുഷ്യകുലത്തിൻെറ മരണത്തിനു് കാരണക്കാരിയായിത്തീരുകയും ചെയ്തു. മറിയത്തിനും ഭർത്താവിനെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവൾ കന്യകയായിരുന്നു. അവൾ അനുസരണയുള്ളവളായിരുന്നതിനാൽ മനുഷ്യകുലത്തെ പുനരുദ്ധരിക്കുന്നതിനും, ഹാവായാൽ നഷ്ടപ്പെടുത്തപ്പെട്ട രക്ഷയെ വീണ്ടെടുക്കുന്നതിനും സാധിച്ചു. ഹാവായുടെ അവിശ്വാസത്താൽ ഉണ്ടായ കെട്ടിനെ മറിയത്തിൻെറ വിശ്വാസം അഴിച്ചു. ഒരു ദൂതൻെറ വചനംവഴിയായി ഹാവാ ചതിക്കപ്പെട്ടു; തന്നിമിത്തം അവൾ ദൈവകല്പനയെ ലംഘിക്കുകയും ദൈവത്തി

ൽനിന്നകലുകയും ചെയ്തു. മറിയവും ഒരു ദൂതനിൽനിന്നുതന്നെ മംഗലവാർത്ത സ്വീകരിച്ചു. ഹാവാ ദൈവകല്പനയെ ലംഘിച്ചു; എന്നാൽ മറിയം ദൈവകല്പനയെ പൂർണ്ണമായി അനുസരിച്ചു. ഒരു കന്യകയുടെ അനുസരണക്കേടുമൂലം മനുഷ്യകുലത്തിനുവന്ന നാശത്തെ മറ്റൊരു കന്യകയുടെ അനുസരണം തീർത്തു.”

ഓർശ്ലമിലെ വി. ക്യുറില്ലോസ് (A. D. 315–386) അവിടത്തെ വിശ്വാസത്തെ പ്രതിനിധീകരിക്കുന്നു. “കന്യകവഴിയായി മരണം ലോകത്തിൽ പ്രവേശിച്ചതിനാൽ കന്യകവഴിയായി അഥവാ കന്യകയിൽനിന്നുതന്നെ ജീവൻ പുനഃസ്ഥാപിതമാകേണ്ടതു് ആവശ്യമായിരുന്നു.”

378-ൽ ചരമംപ്രാപിച്ച സുപ്രസിദ്ധ വേദപാരംഗതനായ വി. അപ്രേം സിറിയായിലെ വിശ്വാസത്തിനു് ദൃക്സാക്ഷിയാണു്. “ഹാവാ വഴിയായി, മനുഷ്യകുലത്തിന്റെ സ്പൃഹണീയവും, മനോഹരവുമായ ആ മഹിമ നശിച്ചു; എന്നാൽ മറിയംവഴി അതു് സമുദ്ധരിതമായി.”

വി. എപ്പിഫാനിയോസ് (A. D. 320–400) ഈജിപ്തിലെ വിശ്വാസത്തെ പ്രതിനിധീകരിക്കുന്നു “പ്രമാണലംഘനത്തിനുശേഷവും അവളെ (ഹാവായെ) മനുഷ്യകുലത്തിന്റെ മാതാവെന്നു് അഭിസംബോധനചെയ്യുന്നതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. ഹാവായിൽനിന്നു് മനുഷ്യസന്തതികൾ ജനിച്ചു. മറിയത്തിൽനിന്നു് സാക്ഷാൽ ജീവൻജനിച്ചു. അവൾ ജീവനുള്ളവയെ ധരിച്ചു. ജീവനുള്ളവരുടെ അമ്മയായിത്തീരുകയും ചെയ്തു. അതിനാൽ “ജീവിക്കുന്നവരുടെ മാതാവു്” എന്ന മഹനീയസംജ്ഞയെ മറിയം യഥാർത്ഥത്തിൽ അർഹിക്കുന്നു. ഹാവാ മനുഷ്യകുലത്തിനു് മരണത്തെ നൽകി; മറിയം മനുഷ്യകുലത്തിനു് ജീവനെ പ്രദാനം ചെയ്തു.”

വി. ഈറാനീമോസ് (A. D. 331 420) ഇപ്രകാരമാണു് പറയുന്നതു്. ഹാവാ വഴിയായി മരണം; മറിയം വഴിയായി ജീവൻ.” റാവെന്നായുടെ മെത്രാനായിരുന്ന വി. പത്രോസ് ക്രിസോലോഗസ് A. D. 450) “മറിയം ആശീർവ്വദിക്കപ്പെട്ടവളാകയാൽ വണങ്ങപ്പെടുന്നു; തങ്ങളുടെ ശരണമായി വിശ്വാസികൾ അവളെ കരുതുകയും ചെയ്യുന്നു. വരപ്രസാദത്തിന്റെ ശക്തിയാൽ സ്ത്രീ ജീവിക്കുന്നവരുടെ മാതാവായിത്തീർന്നു. സ്വർഗ്ഗം മുഴുവനും ഭയഭക്തിയോടുകൂടി ദൈവത്തെ വണങ്ങുന്നു. മാലാഖാമാർ അങ്ങേ തിരുമുമ്പിൽ വിറക്കുന്നു. എന്നാൽ ഒരു കന്യകമാത്രം സർവ്വസ്വാതന്ത്ര്യത്തോടുകൂടെ അവിടെ വർത്തിക്കുന്നു. അവളുടെ യാചനമൂലമായി ഭൂമിയിൽ സമാധാനവും, സ്വർഗ്ഗത്തിൽ മഹിമയും, നാശത്തിലുൾപ്പെട്ടിരിക്കുന്നവർക്കു രക്ഷയും, മരിച്ചവർക്കു ജീവനും ലഭിക്കുന്നു.”

മിലാനിലെ മെത്രാനായ വി. അംബ്രോസീസ് (A. D. 340–439) “അവൾ ഭൂമിയുടെയും, മനുഷ്യകുലത്തിന്റെയും രക്ഷയെ സാധിച്ചു. പ. കന്യകയുടെ കന്യാത്വവും, ജീവിതവും ഒരു ചിത്രത്തിലെന്നതുപോലെ നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കട്ടെ. ദൈവത്തിന്റെ അമ്മയേക്കാൾ ഉന്നത ആരാണു്? അവളെക്കാൾ സൌന്ദര്യവതിയും ആരാണു്? കന്യാത്വത്തിനു് അന്തരം വരാതെ ദൈവകുമാരനെ പ്രസവിച്ച പ. കന്യകയേക്കാൾ പരിപാവന ആരാണു്?”

വി. പ്രോക്ലൂസ് (A. D. 437) “സർവ്വസൃഷ്ടികളും ഭയത്തോടുകൂടി ആരാധിക്കുകയും, പുകഴ്ത്തുകയും ചെയ്യുന്ന ദൈവത്തെ തന്റെ ഉദരത്തിൽ സ്വീകരിക്കുന്നതിനു് പ്രാപ്തയായ കന്യകയുടെ ശക്തി അപാരമായതുതന്നെ. അവൾവഴി എല്ലാ സ്ത്രീകളും ആശീർവ്വദിക്കപ്പെട്ടു. മറിയത്തെ ദേവമാതാവായും, ദൈവത്തിന്റെ ദാസിയായും, ദൈവത്തിന്റെ പേടകമായും നാം വണങ്ങുന്നു. അതിനാൽ ‘നീ എല്ലാ സ്ത്രീകളിലും ആശീർവ്വദിക്കപ്പെട്ടവളാകുന്നു’ എന്നു നാം മറിയത്തെ വാഴ്ത്തുന്നു. ഹാവായുടെ ദുഃഖത്തിനു് ശമനം വരുത്തിയതും, ലോകരക്ഷ സാധിച്ചതും ഇവൾതന്നെയാണു്.”

സെലൂച്ചിയായിലെ വി. ബേസിൽ

(A. D. 458) "തൻെറ ദീപ്തിമത്തായ പ്രഭാപൂരത്താൽ താരാഗണങ്ങളുടെ ശോഭയെ വെല്ലുന്ന സൂര്യനെപ്പോലെ, തൻെറ സുകൃതസഞ്ചയങ്ങളുടെ കാന്തിയാൽ പുണ്യവാന്മാരേയും വേദസാക്ഷികളേയും അതിശയിക്കുന്ന പ. കന്യകയേപ്പററി എന്താണ് പറയേണ്ടത്? ദൈവമാതാവിൻെറ അപാരമായ ശക്തിയിൽ അഭിമാനിക്കാത്തതും, അതിശയിക്കാത്തതും ആരാണ്? പുണ്യവാന്മാക്ക് തങ്ങളുടെ സ്പർശനത്താൽ രോഗികളെ സുഖപ്പെടുത്തുന്നതിനുള്ള ശക്തി ദൈവം നൽകിയെങ്കിൽ, തൻെറ അമ്മക്ക് എത്രമാത്രം ക്രൂടതലായ ശക്തിയെ പ്രദാനം ചെയ്യിരിക്കണം!"

ഓർശ്ലേമിലെ വി. കോസ്മാസ് (A. D. 740) "നിൻെറ പുകഴ്ച്ചയെ ശരിയായി കീർത്തിക്കുന്നതിന് മനുഷ്യനാവുകൾക്ക് ശക്തിപോരാ. നീ ക്രിസ്ത്യാനികളുടെ അഭിമാനമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതിനാൽ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. എൻെറ പാപങ്ങളുടെ എണ്ണം അനവധിയാണ്. എന്നാൽ, ദൈവത്തിൻെറ അമ്മെ, രക്ഷക്കായി നിൻെറ പക്കലേക്ക് ഞാൻ ഓടിവരുന്നു."

വി. യോഹന്നാൻ ദമാസൻ (A. D. 740) ഇപ്രകാരം കീർത്തിക്കുന്നു. "അതിനാൽ, നമുക്കെല്ലാവക്കും, മാതാവിനെ സ്തുതിക്കുവാൻ ഓടിയെത്താം. 'കന്യകകളുടെ മഹത്വമെ' 'മാതാക്കളുടെ അഭിമാനമെ' നിൻെറ സഹായത്തെ യാചിക്കുന്ന നിൻെറ ദാസന്മാരുടെമേൽ കൃപയായിരിക്കേണമെ."

ക്രിസ്തുമതത്തിൻെറ ആദ്യശതകങ്ങളിൽ ജീവിച്ചിരുന്ന പിതാക്കന്മാരുടേയും, പുണ്യവാന്മാരുടേയും കൃതികളിൽനിന്നാണ് മുകളിൽ പറഞ്ഞിരിക്കുന്ന സംഗതികൾ ഉദ്ധരിച്ചിട്ടുള്ളതു്. ആദ്യശതകങ്ങളിൽ സഭയുടെ പഠനങ്ങൾക്ക് യാതൊരു മാലിന്യവും സംഭവിച്ചിട്ടില്ലെന്നുള്ളതു് പ്രോട്ടസ്റ്റൻറുകാരും സമ്മതിക്കുന്നുണ്ടു്. പ. കന്യകയുടെ നേക്കുള്ള ഭക്തി ക്രിസ്തുമതത്തിൻെറ ആദിമശതകങ്ങളിൽത്തന്നെ ഉണ്ടായിരുന്നു എന്നുള്ളതിന് മേലുദ്ധരിച്ച സംഗതികൾ സാക്ഷ്യംവഹിക്കുന്നു. അതിനാൽ പ. കന്യകയുടെനേക്കുള്ള ഭക്തി റോമൻ കത്തോലിക്ക് സഭയുടെ തെററായ പഠനങ്ങളിൽഒന്നല്ലെന്നും, അതു് ഇടക്കാലത്തു് കത്തോലിക്കരുടെ ഇടയിൽ പ്രചരിച്ചിട്ടുള്ളതല്ലെന്നും സ്വയുക്തികം ലഭിക്കുന്നു.

# ദൈവദൂതന്മാർ.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.)

നേരും പേരും പരംചേരും—കാരുണ്യക്കടലീശ്വരൻ
ചാരു ശ്രീവിലസും വാനും—പാരും സൃഷ്ടിച്ചു മുന്നമേ.

ഊനമററുള്ള നാകത്തിൽ—സ്സാനന്ദം പിന്നെ വാഴുവാൻ
വാനവാവലിയെദ്ദൈവം—താനമ്പിലുളവാക്കിനാൻ.

അക്ഷയാദികളാം ദിവ്യ—ലക്ഷണങ്ങളുമീശ്വരൻ
ദക്ഷരാം വാനവക്കെല്ലാം—പക്ഷമായേകി സാദരം.

ഈ വരാവലിവാനോരാ—മേവക്കും സദയംസമം
ദൈവം കൊടുത്തതിൻശേഷ—മീവണ്ണമരുളീടിനാൻ.

"അനാദി മൽസുതനെയും—സനാതന സുഖത്തിനായ്
അനാരതം വൈമനസ്യം—വിനാ നിങ്ങൾ നമിക്കണം.

തന്നിഷ്ടത്തിൻ പ്രഭാവത്താ—ലെന്നിഷ്ടം നിരസിക്കിലോ
വന്നിടും ഘോരമാമാപ—ത്തെന്നിതേവരുമോർക്കണം."

വിരുതേറിയവാനോരി—ലൊരു ഭാഗം തദന്തരെ
"അരുളുംപടി ചെയ്യാ"മെ—ന്നരുഭക്തിയൊടോതിനാർ.

മററുള്ളവാനോരെല്ലാരും—മുററും ഗർവ്വത്തൊടാക്ഷണം
"ചെററുമങ്ങിനെ വന്ദിപ്പാൻ—പററുകില്ലെ"ന്നു ചൊല്ലിനാർ.

എതിരററൊരു ഗർവ്വത്താൽ—മതികെട്ടവരീവിധം
പ്രതികൂലിക്കയാലീശ—ന്നതിയായ് തീർന്നു നീരസം.

നിരന്ത ദുഃഖസങ്കേതം—നരകം തീർത്തു തമ്പുരാൻ
ദുരഹമ്മതി പൂണ്ടോരെ—ത്തരസാതള്ളിനാനതിൽ.

ശിഷ്ടനീശപരനൻപററാ—ദുഷ്ടന്മാരുടെ ദീപ്തിയെ
നഷ്ടപ്പെടുത്തി വൈരൂപ്യ—രുഷ്ടനായരുളീടിനാൻ.

നരകം ചേർന്ന വാനോർതൻ—നിര കൈവിട്ട സൽപദം
സരസം നൽകുവാൻ മണ്ണാൽ—നരനെത്തീർത്തു തമ്പുരാൻ.

---

## ജപമാലരാജ്ഞി.

ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് ഏററം ഉതകുന്ന ഒരു പ്രാർത്ഥനയാണ് ജപമാല എന്നുള്ളതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നു. വി. ഡൊമിനിക്കോസ് തൻെറ തത്വശാസ്ത്രവും വാഗ്ധാടിയും അൽബജീനിയൻ പതിതരെ സത്യപഥത്തിലേക്കു തിരിക്കുന്നതിന് പ്രയോജകീഭവിക്കുന്നില്ലെന്നു കണ്ടു ദുഃഖിച്ചിരിക്കയിൽ ദൈവജനനിയുടെ നിർദ്ദേശം അനുസരിച്ചു ജപമാലഭക്തി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചതിനോടേ ഒരു ലക്ഷത്തിൽപരം പതിതർ ചുരുങ്ങിയ സമയത്തിനുള്ളിൽ കത്തോലിക്കാസഭയിൽ ചേരുകയുണ്ടായി?

ക്രീ. വ. ൧൫൭൧-ൽ തുർക്കികൾ യൂറോപ്യദേശങ്ങളെ ആക്രമിക്കുന്നതിനായി അലിപ്പാഷാ എന്ന വിശ്രുതനാവികൻെറ കീഴിൽ ഇരുനൂറിൽപരം കപ്പലുകളുമായിപ്പുറപ്പെട്ടു. മഹമ്മദീയർക്കെതിരായി അയയ്ക്കപ്പെട്ട ക്രൈസ്തവസൈന്യത്തിൻെറ വിജയത്തിനായി പീയൂസ് പഞ്ചമൻ എന്നമാർപ്പാപ്പാ എല്ലാദേവാലയങ്ങളിലും ജപമാലപ്രാർത്ഥനനടത്തുന്നതിന് ആജ്ഞാപിച്ചു. ഓട്ടോമൻനാവികസൈന്യം ക്രിസ്ത്യാനികളുടേതിനേക്കാൾ പല മടങ്ങു ശക്തിയേറിയതായിരുന്നുവെങ്കിലും അവസാനം വിജയം ലഭിച്ചതു് ക്രൈസ്തവർക്കായിരുന്നു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈ അസാധാരണവിജയത്തെപ്പററി വെളിപാടുമൂലം അറികയും, തന്മൂലം ജപമാലരാജ്ഞിയുടെ നാമത്തിൽ ഒരു പുതിയ തിരുനാൾ ഏർപ്പെടുത്തുന്നതിന് സംഗതിയാകയും ചെയ്തു.

ക്രിസ്താബ്ദം ൧൮൫൮-ൽ ലൂർദിൽ ബെർണ്ണദീത്തെന്ന കന്യകയ്ക്കു് പ: മറിയം ഒരു കൊന്തയും കയ്യിൽ പിടിച്ചുകൊണ്ട് പ്രത്യക്ഷയാകയും ജപമാല ജപിക്കുന്നതിന് ആ ചെറുബാലികയെ അവിടുന്നുതന്നെ പഠിപ്പിക്കയും ചെയ്തു.

# കളി കാര്യമായി.

(റവ. ഫാദർ ജോസഫ് കൊട്ടപ്പന.)

ഡയക്ലേഷ്യൻെറ കുടിലമതപീഡനം അദിമസഭയിലെമതപീഡനത്തിൻെറ അവസാനഗഡുവായി തിരുസഭാചരിത്രത്തിൽ രേഖപ്പെട്ടത്തിയിരിക്കുന്നു. ദേവസ്യാനോസ്, ജനുവാരിയൂസ്, ആഞ്ഞസ്, ലൂസിയാ, അപ്രാ, ബാർബറാ ആദിയായ നിരവധി രക്തസാക്ഷികളുടെ നിർമ്മല നിണപ്രവാഹത്താൽ വേദഞെരുക്കത്തിൻെറ തീവ്രാനലൻ അണയുവാൻ ആരംഭിച്ചുതുടങ്ങി.

എങ്കിലും ക്രിസ്തീയാന്ധതയെ അസ്തപ്രായമാക്കിയ നൃപനെന്ന നാമധേയത്തോടുകൂടി ഡയക്ലേഷ്യൻ പേഷ്യരോടും എജിപ്തുരോടുമുള്ള വിജയത്തെ ആഡംബരപൂർവ്വ മുൽഘോഷിക്കുന്നതിനായി, ക്രിസ്താബ്ദം 304—ൻെറ പ്രാരംഭവേളയിലൊരവസരത്തിൽ റോമാപ്പുരിയിലേക്കു വിജയാരവപരിവാരത്തോടുകൂടി മടങ്ങി എത്തി. അതികോലാഹലമായ ആഘോഷങ്ങൾ കഴിഞ്ഞ്; ക്രിസ്തുമതത്തെ അപലപിച്ചു അഭിനയിക്കപ്പെടാനുള്ള ഒരു പ്രഹസനമായിരുന്നു അനന്തര ചടങ്ങ്.

അപഹാസപ്രഹസനം കണ്ടു സന്തുഷ്ടനാകുന്നതിനു എമ്പ്രദോർ അഗ്രാസനത്തിൽ ഉപവിഷ്ടനായി. ഒരു ക്രിസ്തീയ വിശ്വാസിയുടെ രക്തം ചിന്തുന്നതിനു് ആജ്ഞ കൊടുക്കേണ്ടിവരുമെന്നൊ, ക്രിസ്തുമതവിരുദ്ധമായ ഈ ആജ്ഞ തൻെറ അവസാനാജ്ഞയായിരിക്കുമെന്നൊ, ഈ ചക്രവത്തി അപ്പോൾ സ്വപ്നേപി നിനച്ചിരുന്നില്ല.

ഭൂമുഖത്തിൽനിന്നും താൻ നിശ്ശേഷം നശിപ്പിച്ചു എന്നു സ്വയം അഭിമാനിച്ചിരുന്ന ക്രിസ്തുമതത്തെ അപഹസനത്രുപേണ അഭിനയിച്ചു കാണുന്നതു ഡയക്ലേഷ്യനു് അതീവകുതൂഹലഹേതുകമായിരിക്കുമെന്നു നടന്മാർ മനസ്സിലാക്കിയിരുന്നു. സന്തോഷലഹരിയാൽ മദോന്മത്തന്മാരായ ചക്രവത്തിക്കും റോമൻപൌരാവലിക്കും അഭിനയനിപുണത നയനാനന്ദകരം തന്നെയായിരുന്നു.

അപ്പോഴേക്കും രസികനടനപട്ടവും വിശ്രുതനുമായ ജെനേസിയൂസ് നടനരംഗത്തിൽ ആവിർഭവിച്ചു. അതോടുകൂടി ആഹ്ളാദം അത്യുച്ചസ്ഥാനത്തെ പ്രാപിച്ചു കഴിഞ്ഞു. ഇദ്ദേഹം ജ്ഞാനസ്നാനസ്വീകരണത്തിനുള്ള അഭ്യർത്ഥിയുടെ ശുഭ്രവസ്ത്രത്താലലംകൃതനായി. ക്രിസ്തീയ ജ്ഞാനസ്നാനകർമ്മങ്ങളെ ദൈവദൂഷണപരമായ വിധത്തിൽ അപഹസിച്ചഭിനയിച്ചു തുടങ്ങി.

നടൻെറ ഓരോ അംഗ്യവും സദസ്യരുടെ അട്ടഹാസകോലാഹലത്താൽ സ്വാഗതം ചെയ്യപ്പെട്ടു. താമസംവിനാ ജ്ഞാനസ്നാനത്താൽ വിശുദ്ധീകരിക്കപ്പെടുന്ന മന്ത്രോച്ചാരണത്തോടൊന്നിച്ചു ജെനേസിയൂസിൻെറ ശരീരത്തിൽ ജലനിപതനം സംഭവിക്കയും ചെയ്തു. ഈ കർമ്മനിർവ്വഹണത്തോടുകൂടി നടൻ ക്രിസ്ത്യാനിയായി എണീററു. അനന്തരം രംഗത്തിൻെറ പുരോഭാഗത്തിലെത്തി സദസ്യസമൂഹത്തെ അഭിസംബോധനം ചെയ്തു.

"ഉൽകൃഷ്ട രാഷ്ട്രാധിപാ! ഉദ്യോഗസ്ഥന്മാരെ, താതാപികന്മാരെ, റോമൻ പൌരവൃന്ദമേ! നിങ്ങൾ സദയം എന്നെ ശ്രവിച്ചാലും. ക്രിസ്തീയനാമം എൻെറ കർണ്ണപുടങ്ങളിൽ പതിഞ്ഞപ്പോഴൊക്കെയും, അതു അവജ്ഞയും അപകർഷണവുമാണ് അഭേദ്യമായി എന്നിൽ അങ്കുരിപ്പിച്ചിട്ടുള്ളത്. വെറുക്കപ്പെടുന്ന ഈ മതത്തിൻെറ രഹസ്യാചാരസമ്പ്രദായങ്ങൾ ഞാൻ തന്നെ സസൂക്ഷ്മം നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. എന്നാൽ വിസ്മയമെ! ജ്ഞാന സ്നാനജലം എന്നെ സ്പർശിച്ചതോടുകൂടി, ആകാശത്തിൽ നിന്നും ഒരു കരം ഇറങ്ങിവരുന്നതായുംശോഭയേറിയ ദൈവദൂതന്മാർ ഉന്നതത്തിലാവിർഭവിക്കുന്നതായും കാണപ്പെട്ടു. അ

വരാകട്ടെ ബാല്യദശ തുടങ്ങിയുള്ള എന്റെ പാപാപരാധങ്ങളെ ഒരു ഗ്രന്ഥത്തിൽ നിന്നും വായിക്കുകയും എന്നെ ജ്ഞാനസ്നാനപ്പെടുത്തിയ ജലത്താൽ അവയെ കഴുകിവെടിപ്പാക്കുകയും, വെണ്മഞ്ഞിന്റെ വർണ്ണത്തെക്കാൾ ധാവള്യമുള്ളതായ ആ ഗ്രന്ഥത്തെ എനിക്കു സമ്മാനിക്കയും ചെയ്തു.''

ഈ വചനങ്ങൾ അഭിനയത്തിലെ ഭാഗങ്ങളായി ധരിച്ചവരായ ശ്രോതാക്കളുടെ കോലാഹലാരവം ദ്വിഗുണീഭവിച്ചു. പക്ഷെ സദസ്യലോകത്തെ അവരുടെ അബദ്ധധാരണയിൽനിന്നും വിമുക്തരാക്കിത്തീക്കുന്നതിനു വിഷമസമേതമെങ്കിലും "പുതുക്രിസ്തുവൻ" ആയിത്തീൎന്ന നമ്മുടെ നടന്റെ പാടവത്താൽ സാധിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. എന്തിന്? വിസ്മയനീയമായ ഒരു മാനസാന്തരത്തിനു സന്നിഹിതർ ദൃക്‌സാക്ഷികളായി. ജനസമൂഹത്തെ സന്തോഷസാഗരത്തിൽ ലയിപ്പിച്ച ജെനേസിയൂസിന്റെ "കളി കാൎയ്യമായി" കലാശിക്കയും ചെയ്തു.

ജെനേസിയൂസ് ഒരു ക്രിസ്ത്യാനിയെന്നു സദസ്യസമക്ഷം നടനരംഗത്തിൽ വെച്ചു തന്നെ വെളിവായിക്കഴിഞ്ഞു. ഒരു ക്രിസ്തുവനായി മാനസാന്തരപ്പെട്ട നടനെ ഉടനടി ഗദകളാൽ ദണ്ഡിക്കുന്നതിനും, ക്രത്ത ഇരുമ്പുചീപ്പുകൊണ്ടു മുറിപ്പെടുത്തി, ജ്വലിക്കുന്ന അഗ്നിയാൽ തപിപ്പിക്കുന്നതിനും, അവസാനമായി ശിരച്ഛേദം ചെയ്യുന്നതിനും ചക്രവൎത്തി ആജ്ഞ നൽകി; ജെനേസിയൂസ് ഒരു രക്തസാക്ഷിയായിത്തീരുകയും ചെയ്തു.

ക്രിസ്തുമതത്തെ അപഹസിക്കുവാനൊരുമ്പെട്ട ഒരുവൻ ഇപ്രകാരം അന്തരിക്കുമെന്നു ആരുതന്നെ നിരൂപിച്ചു! ഡയക്ലേഷ്യന്റെ പ്രീതിക്കു പാത്രീഭവിച്ചിരുന്ന ക്രിസ്തുമതവൈരിയായിരുന്ന ജെനേസിയൂസിന്റെ രക്തസാക്ഷിത്വം ഇപ്രകാരം ഡയക്ലേഷ്യന്റെ കുടിലമതപീഡനത്തിനു പൂൎണ്ണവിരാമമായി പരിണമിക്കുന്നതിനു സംഗതിയാകയും ചെയ്തു.

# ജൎമ്മനിയുടെ അപ്പോസ്തോലൻ.

(റവ. ബ്രദർ തോമസ്.) Fr. Reynolds -

അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്നജൎമ്മൻജനതതിയെ കത്തോലിക്കാ സഭയിലേക്കാനയിക്കുന്നതിനു നിസ്തന്ദ്രം പരിശ്രമിച്ച് വേദസാക്ഷിമകുടം പ്രാപിച്ച ഒരു വന്ദ്യദേഹമാണ് വി. ബൊനിഫാസി. സത്യവിശ്വാസത്തിന്റെ വെളിച്ചത്തെ ജൎമ്മനിയിൽ പ്രഥമമായി കത്തിച്ചതു് വി. ബൊനിഫാസിയാണ്. അതിനാൽ ജൎമ്മനിയിലെ കത്തോലിക്കർ ഇന്നും തങ്ങളുടെ പിതാവും അപ്പസ്തോലനുമായ വി. ബൊനിഫാസിയുടെ സ്മരണ ഭക്തിബഹുമാനപുരസ്സരം കൊണ്ടാടി വരുന്നു.

ഇദ്ദേഹം കുലീനന്മാരായ മാതാപിതാക്കന്മാരിൽ നിന്നും ഇംഗ്ലണ്ടിലുള്ള ഡിവോൺഷയറിൽ ക്രിസ്ത്വാബ്ദം ൬൮൦-ാമാണ്ടിൽ ഭൂജാതനായി. വിൻഫ്രിഡ് അഥവാ വിൽഫ്രിഡ് എന്ന നാമത്താലാണു ഇദ്ദേഹം ബാല്യത്തിൽ അറിയപ്പെട്ടിരുന്നതു്. ബാലന്റെ അപാരമായ ദൈവഭക്തിയും സാമൎത്ഥ്യവും മാതാപിതാക്കന്മാൎക്കു അത്യധികം ആനന്ദത്തെ പ്രദാനംചെയ്തു. ചില സന്യാസവൈദികരുമായുണ്ടായ സംസൎഗ്ഗഫലമായി സന്യാസജീവിതത്തിൽ പ്രവേശിക്കുന്നതിനു വിൽഫ്രിഡിനു അതിയായ



വി. ബൊനിഫാസ് പ്രസംഗിക്കുന്നു.

താല്പൎയ്യം ജനിച്ചു. എന്നാൽ മാതാപിതാക്കന്മാരുടെ തടസ്സം മൂലം ഉടൻ അഗ്രഹനിവൃത്തി വരുത്തുന്നതിനു സാധിച്ചില്ല. എങ്കിലും നിരന്തരമായ അപേക്ഷകളുടെ ഫലമായി സന്ന്യാസസഭയിൽ പ്രവേശിക്കുന്നതിനു മാതാപിതാക്കന്മാർ അദ്ദേഹത്തിനു അനുവാദം കൊടുത്തു. വിൽഫ്രിഡ് വി. ബെനദിക്തോസിന്റെ സഭയിലാണു പ്രവേശിച്ചതു്. ൭൦൫-ാമാണ്ടിനിടക്കു തന്റെ മുപ്പതാമത്തെ വയസ്സിൽ ഗുരുപ്പട്ടം സ്വീകരിക്കയുണ്ടായി.

ചെറുപ്പം മുതൽക്കേ വിൽഫ്രിഡിനു പ്രേഷിതവൃത്തിയിൽ അതിയായ താല്പൎയ്യമുണ്ടായിരുന്നു. ഗുരുപ്പട്ടസ്വീകരണാനന്തരം ജമ്മൻകാരുടെ ഇടയിൽ സുവിശേഷ പ്രസംഗം ചെയ്തു അവരെ തിരുസഭയിലേക്കാനയിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏകാഭിലാഷം. എന്നാൽ ആശ്രമശ്രേഷ്ഠൻ ഇദ്ദേഹത്തിനു ഈ വിഷയത്തിൽ പ്രതിബന്ധമായിത്തീൎന്നു. എങ്കിലും വിൽഫ്രിഡച്ചൻ ഈവക വിഷമങ്ങൾ കൊണ്ടൊന്നും കുലുങ്ങിയില്ല. ഒടുവിൽ അദ്ദേഹത്തിന്റെ നിൎബന്ധപൂൎവ്വമായ അപേക്ഷയുടെ ഫലമായി അപരിഷ്കൃതരായ ജമ്മൻകാരുടെ ഇടയിൽ സുവിശേഷപ്രസംഗം ചെയ്യുന്നതിനു ആശ്രമശ്രേഷ്ഠൻ അദ്ദേഹത്തെ അനുവദിച്ചയച്ചു. വിൽഫ്രിഡ് ഉടൻതന്നെ തന്റെ പ്രേഷിതപൎയ്യടനം ആരംഭിച്ചു. നിരവധി യാത്രാക്ലേശങ്ങൾ സഹിച്ചു വിൽഫ്രിഡ് തന്റെ പ്രേഷിതരംഗമായ ഫിറീസ്സായിലെത്തി. പക്ഷെ രാജ്യസംബന്ധമായ ചില കുഴപ്പങ്ങൾ നിമിത്തം അവിടെ വേദപ്രസംഗം ചെയ്യുന്നതു് അസാദ്ധ്യമായിത്തീൎന്നു. അതിനാൽ ഇച്ഛാഭംഗത്തോടെ ഇംഗ്ലണ്ടിലേക്കു മടങ്ങേണ്ടതായിട്ടാണു വന്നതു്. ഇങ്ങനെ ഇദ്ദേഹത്തിന്റെ പ്രഥമോദ്യമം പരാജയത്തിൽ കലാശിച്ചു.

൭൧൮-ൽ വിൽഫ്രിഡ് ഇംഗ്ലണ്ടിലേക്കു തിരിയെ വന്നതിന്റെ ശേഷം അജ്ഞാനികളെ മനസ്സുതിരിക്കുന്നതിനാവശ്യമുള്ള അനുമതികൾ ലഭിക്കുന്നതിനായി റോമിലേക്കു പോയി. മാൎപ്പാപ്പാ ഇദ്ദേഹത്തെ സ്വീകരിച്ചു വേദപ്രചാരണത്തിനു വേണ്ട സകല ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്തു. ഫിറീസായിലെ രാജാവായിരുന്ന റാസ്ബോഡിന്റെ മരണശേഷം വിൽഫ്രിഡ് വീണ്ടും ഫിറീസ്സായിൽ പ്രവേശിച്ചു വേദപ്രസംഗം ചെയ്തുതുടങ്ങി. ഇവിടെ മൂന്നുകൊല്ലത്തേക്കു തന്റെ അപ്പോസ്തലവൃത്തി തുടൎന്നു. അക്കാലത്തു അനേകം പേർ ക്രിസ്തുമതത്തെ ആശ്ലേഷിക്കുകയും വിഗ്രഹങ്ങളെ ഉടക്കുകയും, ക്ഷേത്രങ്ങളെ ദേവാലയങ്ങളായി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

മാൎപ്പാപ്പായുടെ കല്പനപ്രകാരം ഇദ്ദേഹം റോമിലേക്കു വീണ്ടും യാത്ര കഴിച്ചു. ഈ അവസരത്തിലാണു പ: പിതാവു് വിൽഫ്രിഡിനെ മെത്രാനായി നിയമിച്ചതു്. ബൊനിഫാസി എന്നുള്ള

നാമം സ്വീകരിച്ചതും ഈ അവസരത്തിൽത്തന്നെയാണ്. റോമ്മായിൽനിന്നു തിരികെ വന്നശേഷം ബൊനിഫാസിമെത്രാൻ ജർമ്മനിയിൽ തുറീഞ്ചിയായിൽ പ്രവേശിച്ചു വേദപ്രചരണം തുടങ്ങി. തുറീഞ്ചിയായിൽ അദ്ദേഹം തീരെ ദരിദ്രമായ ജീവിതം കഴിച്ചുവന്നു. ആഹാരത്തിനായി കൈവേലകൾ ചെയ്യേണ്ടിയിരുന്നു. കൂടാതെ അജ്ഞാനികളും അപരിഷ്കൃതരുമായ സാക്സൻകാരുടെ ആക്രമണം നിമിത്തം രാജ്യം ദാരിദ്ര്യദേവതയുടെ കേളീരംഗമായിത്തീർന്നിരുന്നതിനാൽ ആഹാരസാധനങ്ങൾ വിദൂരസ്ഥലങ്ങളിൽ നിന്ന് കൊണ്ടുവരേണ്ടിയുമിരുന്നു. ബൊനിഫാസ് മെത്രാനു ഇക്കാലത്തു അനേകം വിഷമതകൾ ഉണ്ടായിക്കൊണ്ടിരുന്നു എന്നുള്ളതിനു അദ്ദേഹത്തിന്റെ പലകത്തുകളും സാക്ഷ്യംവഹിക്കുന്നു. "ഞങ്ങൾ എല്ലാവശങ്ങളിൽ നിന്നും അധികം ഞെരുക്കപ്പെടുന്നു. പുറമെ യുദ്ധവും അകത്തു കരച്ചിലുമാണ്. അജ്ഞാനാന്ധകാരത്തിൽ കിടന്നു നട്ടം തിരിയുന്ന ഈ ജർമ്മൻകാരുടെഇടയിൽ ദൈവവചനം ഒരു ദീപം പോലെ ഒരുവനെ നയിച്ചില്ലെങ്കിൽ തീർച്ചയായും അവൻ നൈരാശ്യത്തിലുൾപ്പെട്ടു മരിച്ചുപോകയേയുള്ളു. ഭയങ്കരമായ കൊടുങ്കാററിൽ അകപ്പെട്ട യാനപാത്രംപോലെ എന്റെ ബലഹീനതയാൽ ഞാൻ അത്യധികം കഷ്ടപ്പെടുന്നു."

തുറീഞ്ചിയായിലെ പ്രേഷിതവൃത്തിയുടെ ശേഷം വി. ബൊനിഫാസ് റൈൻ നദീതീരത്തു പ്രവേശിച്ചു. ഇക്കാലത്തു അദ്ദേഹത്തിനു എഴുപതുവയസ്സു പ്രായമുണ്ടായിരുന്നു. തന്റെ അക്ഷീണമായ പരിശ്രമത്താൽ കുറെക്കാലത്തിനുള്ളിൽ അനേകം ആളുകളെ അദ്ദേഹം മാനസാന്തരപ്പെടുത്തി. അവക്കു മുമ്പിലത്തെ ഒപ്പുശമാ കൊടുക്കുവാൻ ഒരു ദിവസം നിശ്ചയിച്ചു. എന്നാൽ ഉദയത്തിൽ പ്രസ്തുത ക്രൂദാശ സ്വീകരിക്കുവാനുള്ള ആളുകളല്ല അവിടെ പ്രത്യക്ഷരായതു്. പ്രത്യുത അജ്ഞാനികളുടെ ഒരു വമ്പിച്ച കൂട്ടമായിരുന്നു. അവർ ഒരു നിമിഷത്തിനുള്ളിൽ അവിടെ വസിച്ചിരുന്ന മിഷ്യനറിമാരെയെല്ലാം വധിച്ചു. മിഷ്യനറിമാരുടെ വേലക്കാർ വാളുകളുമായി അജ്ഞാനികളോടു് എതിരിടുവാൻ ഉദ്യമിച്ചു. ബൊനിഫാസിയാകട്ടെ പ്രശാന്തഗംഭീരനായി വി. പുസ്തകവും ഏതാനും തിരുശേഷിപ്പുകളും കരങ്ങളിൽ വഹിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു. "വി. പുസ്തകം പഠിപ്പിക്കുന്നതു് തിന്മക്കു പകരം നന്മ ചെയ്യണമെന്നല്ലയോ. അതിനാൽ നിങ്ങൾ അവരോടു എതിർക്കുന്നതിനു ഉദ്യമിക്കണ്ട. ദീർഘനാളായി ഞാൻആഗ്രഹിച്ചിരുന്ന ദിവസം ഇതാ ഒടുവിൽ സമാഗതമായിരിക്കുന്നു. നിങ്ങളുടെ വിശ്വാസത്തെ ദൈവത്തിൽ വെച്ചുകൊണ്ടു് നിങ്ങളുടെ നിത്യരക്ഷക്കായി അവിടുന്നു തരുന്നതിനെ കൃതജ്ഞതാപുരസ്സരം സ്വീകരിച്ചുകൊൾവിൻ" പിന്നീടു വൈദികരോടു ഇങ്ങിനെ പറഞ്ഞു "എന്റെ വാത്സല്യസഹോദരരേ, ശരീരത്തെ മാത്രം ഉപദ്രവിപ്പാൻ കഴിയുന്നവരും എന്നാൽ ആത്മാവിനു യാതൊരുപദ്രവും ചെയ്വാൻ കഴിയാത്തവരുമായവരെ നിങ്ങൾ ഒട്ടും ഭയപ്പെടേണ്ട. കർത്താവിനോടു കൂടി നിത്യഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടി ഒരു നിമിഷത്തെ നിസ്സാരവേദനയെ ധീരതയോടെ സഹിച്ചുകൊൾക" വി. ബൊനിഫാസിന്റെ അന്ത്യവചനങ്ങളായിരുന്നു ഇതു്. ഇത്രയും പറഞ്ഞു തീർന്നപ്പോൾ ആ അജ്ഞാന പരിഷകൾ അദ്ദേഹത്തിന്റെ മേൽ പാഞ്ഞുവീണു. ഇപ്രകാരം ജർമ്മനിയുടെ അപ്പോസ്തലനായ ബൊനിഫാസി മെത്രാൻവേദസാക്ഷിമുടി ചൂടി.

ഒരു ഞൊടിനേരംപോലും വിശ്രമിക്കാതെ മാനസാന്തരാർത്ഥം അശ്രാന്ത പരിശ്രമംചെയ്തുകൊണ്ടിരുന്ന ഇദ്ദേഹം സാഹിത്യസംബന്ധമായും ശാസ്ത്രസംബന്ധമായും പലേ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നുള്ളതു് വിസ്മയാവഹം തന്നെ. നാവും തൂലികയും നമ്മുടെ പുണ്യാത്മാവിനു ഒരുപോലെ സ്വാധീനമായിരുന്നു എന്നതു് നിസ്തക്കമത്രെ. "നിത്യസമ്മാനം ദൃഷ്ടിപഥത്തിലുള്ളപ്പോൾ ക്രിസ്തുമതപ്രചാരണത്തിനായി അനുഭവിക്കേണ്ടുന്ന കഷ്ടതകളെപ്പററി 'പ്രിയസഹോദ

രാ ന്ന് അക്ഷമതവിചാരിച്ചിട്ടാവശ്യമി ല്ല" എന്നുള്ള ഗ്രിഗോരി തൃതീയൻെറ വാക്യങ്ങൾ വേദപ്രചാരണോദ്യമത്തിൽ ഏപ്പെട്ടിരിക്കുന്ന സകലക്കും ആശ്വാസകരമാണെന്നുള്ളതിനു സംശയമില്ല. ജർമ്മൻകാരുടെ അപ്പസ്തോലനും, ഇംഗ്ലീഷ്കാരുടെ അഭിമാനസ്തംഭവും, വേദസാക്ഷികൾക്കു ത്തംസവും, പ്രേഷിതക്കാദർശവും, ക്രിസ്തീയസഭയുടെ പ്രസിദ്ധനിധനും ആയ വിശുദ്ധ ബൊനിഫാസിനാവുകൊണ്ടും തൂലികകൊണ്ടും മ്ശിഹായിക്കുവേണ്ടി വേല ചെയ്യുന്ന സകലക്കും മാതൃകയും മദ്ധ്യസ്ഥനുമത്രെ.

---

# ചെറുപുഷ്പസഹോദരികൾ.

## അമേരിക്കനായ ഫാദർ ഡോളൻെറ സന്ദർശനവിവരങ്ങൾ.

### VIII.

സിസ്റ്റർ ഫ്രാൻസിസ് ദെസാലസുമായുള്ള സന്ദശ്നവിവരം.

(റവ. ഫാദർ എജീദിയോസ് സി. ഡി.)

ചെറുപുഷ്പത്തിൻെറ ഉപാദ്ധ്യായിനിയും, ആദ്യകുബ്ബാന കൈക്കൊള്ളപ്പാടിനു അവളെ അസ്തമാക്കിയവളുമായ സിസ്റ്റർ ഫ്രാൻസസിനെ സന്ദശിച്ച വിവരമാണല്ലോ ഇന്നത്തേ നമ്മുടെ സംസാരവിഷയം. ഞാൻ ലിസീയിലായിരുന്നപ്പോൾ, ചെറുപുഷ്പത്തിൻെറ ബാല്യകാലത്തു അവളേ പഠിപ്പിച്ച വല്ല ബനദീക്തൻ കന്യാസ്ത്രീകളുമുണ്ടോ എന്നു അന്വേഷിച്ചതിൽ അടുത്തുള്ള ഒരു മഠത്തിൽ ഒരു സഹോദരി താമസിക്കുന്നുണ്ടെന്നു അറിയുവാൻ ഇടയായി. അ സഭക്കാരുടെ സ്കൂളിലാണ് വി. കൊച്ചുത്രേസ്യാ അദ്ധ്യയനം നടത്തിയതു്. ഞാൻ പിറേദിവസം കാലത്തേതന്നെ അ സ്കൂളിലേക്കു പുറപ്പെട്ടു. അവിടെയാണ് ചെറുപുഷ്പം അഞ്ചു വഷത്തേക്ക് അതായതു എട്ടാമത്തേ വയസ്സുമുതൽ ൧൩-ാമത്തേ വയസ്സുവരെ, പഠനം നടത്തിയതു. പ്രസ്തുത സ്കൂളിൻെറ ചാപ്പലിൽ ഉള്ള ഒരു ക്രാദിയിൽ ഒരു പലകമേൽ "1884 മേയി 8-ാംനു- തേറേസാമാർട്ടിൻ ഈ ക്രാദി അരികിൽ മുട്ടുകുത്തി ആദ്യമായി വി. കുബ്ബാന സ്വീകരിച്ചു" എന്നു എഴുതപ്പെട്ടിരുന്നു. ഇതു കൂടാതെ വേറൊരു പ്രാത്ഥനാലയം കൂടെ സ്കൂളിൽ ഉണ്ട്. അവിടെ ചെറുപുഷ്പസ്മരണയേ നിലനിത്തുന്നതിനായി പല സ്മാരകങ്ങളും സൂക്ഷിച്ചിരിക്കുന്നു. ഉദാഹരണമായി അവൾ ആദ്യമായി സൽപ്രസാദം സ്വീകരിച്ചപ്പോൾ ഉപയോഗിച്ച ഒരു ശിരോവസ്ത്രം അവൾ ഉപയോഗിച്ച ചില പുസ്തകങ്ങൾ, റോമ്മായിൽ നിന്നും ഫ്രാൻസസ്സഹോദരിക്ക് കൊടുക്കുവാനായി കൊണ്ടുവന്ന ഒരു കുരിശുരൂപം, പേനാക്കത്തികൊണ്ടു് കന്യകമറിയം എന്നവാക്കിൻെറ ആദ്യ അക്ഷരങ്ങൾ കൊത്തിയ ഒരു മേശമുതലായവ അവിടെക്കാണാനുണ്ട്.

ഞാൻ ഇതെല്ലാം സന്ദശിച്ചതിൻെറശേഷം വാതിൽക്കാരിയായ സഹോദരിയോട് സിസ്റ്റർഫ്രാൻസസിനെ കാണണമെന്നുആവശ്യപ്പെട്ടു. അതിനു അവൾ—"അച്ചാ! ആ സഹോദരിക്ക് ഇപ്പോൾ നല്ല സുഖമില്ല. വയസ്സുകൊണ്ടുള്ള ക്ഷീണം അധികരിച്ചിരിക്കുകയാണ്. ഒരു പക്ഷേ വാതിൽ മുറിയിൽ വന്നേക്കും" എന്നു പറഞ്ഞ് എന്നെ വാതിൽമു

റിയിലേക്കു കൂട്ടിക്കൊണ്ടുപോയി. ഞാൻ അവിടെ എത്തി അഴിച്ചുവരിനരികെ സ്ഥലവും പിടിച്ചു. സ്വല്പസമയം കഴിഞ്ഞപ്പോൾ വിരി ഒരു വശത്തേക്കു നീങ്ങുകയും ചെറുപുഷ്പോപാദ്ധ്യായ എനിക്കു പ്രത്യക്ഷപ്പെടുകയും ചെയ്തു. അവർ വളരെ വയസ്സുചെന്നവരാണ്. ഏകദേശം ൮൦ വയസ്സുണ്ട്. വളരെ സൗമ്യമുള്ളവരും ചെറുപുഷ്പത്തേപ്പററി സംസാരിക്കുവാൻ വളരെ ആഗ്രഹമുള്ളവരുമാണ്. അവരുടെ ൭൦-ാമത്തേ വയസ്സിലാണ് ചെറുപുഷ്പത്തേ പഠിപ്പിച്ചതു്. അവരുടെ വചനങ്ങൾ മുഴുവനും കുറിച്ചെടുക്കണമെന്നു കരുതി ഒരു പെൻസിലും കുറേ കടലാസ്സും കാലേക്കൂട്ടി ഞാൻ തയാർചെയ്തുകൊണ്ടു പോയിരുന്നു. ഉടനേ ഞാൻ അവരോടു് "സഹോദരീ! എനിക്കു ഫ്രഞ്ച് നല്ല പരിചയമില്ല. കുറേ സാവധാനത്തിൽ സംസാരിക്കണം" എന്നുപറഞ്ഞതിനു അവർ– "അച്ചാ! എനിക്കു പല്ലുകൾ അധികം ഇനിയും ശേഷിച്ചിട്ടില്ലാത്തതിനാൽ വളരെ സാവധാനത്തിലെ സംസാരിക്കുവാൻ സാധിക്കുകയുള്ളു" എന്നു പറഞ്ഞു. സാക്ഷാൽ അവർക്കു പല്ലുകൾ വളരെ കുറവുതന്നെയായിരുന്നു.

ഞാൻ– ചെറുപുഷ്പം നിങ്ങളുടെ ക്ലാസ്സിൽ ആയിരുന്നപ്പോൾ ഒരു സാധാരണ വിദ്യാർത്ഥിയെപ്പോലെ ആയിരുന്നോ?

സിസ്റ്റർ– ചില സംഗതികളിൽ അവൾ ഒരു സാധാരണ വിദ്യാർത്ഥിതന്നെയായിരുന്നു. എന്നാൽ മററു ചിലതുകളിൽ അവൾ അസാധാരണയെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. അവൾ വളരെബുദ്ധിക്രമ്മതയുള്ളവളായിരുന്നു. അവൾ ൮-ാമത്തെ വയസ്സിൽ ഞങ്ങളുടെ സ്കൂളിൽവന്നപ്പോൾ അവളേക്കാൾ പ്രായംകൂടിയവരും പഠിനമുള്ളവരുമായ കുട്ടികളുടെ കൂടെയാണ് അവളേ ചേർത്തതു്. സ്വല്പകാലത്തിനുള്ളിൽ അവരെ എല്ലാവരേയും പിന്നിലാക്കി എന്നു തന്നെയല്ല ക്ലാസിൽ ഒന്നാംസ്ഥാനം അവൾക്കെപ്പോഴെല്ലാം താഴ്ന്നമാർക്കു കിട്ടിയിട്ടുണ്ടു്. എന്നാൽ ആ അവസരങ്ങളിൽ അവൾ ആശ്വാസരഹിതയായി കാണപ്പെട്ടിരുന്നു. ഇതിന്റെ കാരണം ഉന്നതമായ മാർക്ക് കിട്ടിയില്ലല്ലോ എന്നുള്ള അഹംഭാവമല്ല. പിന്നെയോ വൈകുന്നേരം വീട്ടിൽ ചെല്ലുമ്പോൾ പിതാവു മാർക്കുനോക്കുകയും കുറഞ്ഞമാർക്കു കാണുമ്പോൾ അതൃപ്തികാണിക്കുകയും ചെയ്യും എന്നുള്ളതായിരുന്നു. അവൾ അസാധാരണ കീഴ്വഴക്കമുള്ളവളായിരുന്നു. സ്കൂളിലെ ഏററം നിസ്സാരമായ ചട്ടങ്ങൾപോലും അതിശുഷ്കാന്തിയോടെ അനുസരിച്ചിരുന്നു. വളരെ ഭക്തയായിരുന്നു. അവളുടെ ഹൃദയം എല്ലായ്പ്പോഴും ദൈവത്തിൻ പക്കലായിരുന്നു. ദൈവത്തേക്കുറിച്ചും വിശുദ്ധന്മാരേക്കുറിച്ചും സംസാരിക്കുന്നതിനു് എപ്പോഴും അവൾ ആഗ്രഹിച്ചിരുന്നു.

ഞാൻ– അവൾ ഒരു പുണ്യവതിയാകുമെന്നു നിങ്ങൾ വിചാരിച്ചിരുന്നോ?

സിസ്റ്റർ– ഓ. ഒരിക്കലുമില്ല എട്ടോ ഒൻപതോ വയസ്സായ ഒരു പെൺകുട്ടിയെക്കുറിച്ചു ആരാണ് അപ്രകാരം വിചാരിക്കുവാൻ പോകുന്നതു്? എന്നാൽ ജ്ഞാനസ്നാനത്തിൽ കിട്ടിയ പരിശുദ്ധതയെ അവൾ ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്നു ഞങ്ങൾക്കു് എല്ലാവർക്കുംഅറിയാമായിരുന്നു. ഒരിക്കൽ ഒരു സഹോദരി എന്നോടു്–"തെരേസാമാർട്ടിന്റെ മുഖത്തു വിളങ്ങുന്ന മാലാഖാസ്സുകൂടത്ത സൗന്ദര്യം നിങ്ങൾ കണ്ടില്ലേ? ശേഷമുള്ള കുട്ടികളിൽ കാണുന്നതു സൗന്ദര്യമാണ്. എന്നാൽ ഈ കുട്ടിയുടെ നേത്രങ്ങളിൽ കാണുന്നതു് സ്വർഗ്ഗമാണ്" എന്നു പറഞ്ഞു. അവളിൽ ഒരു നിക്ഷേപം ഉണ്ടെന്നു ഞങ്ങൾക്കു് എല്ലാവർക്കും അറിയാമായിരുന്നു. എന്നാൽ ആ സമയത്തു അതിനെ ഞങ്ങൾ അത്രസ്സു വില മതിച്ചില്ല.

ഞാൻ– അവളുടെ സ്കൂൾ ജീവിതത്തേ പററി വല്ലതും പറയാമോ?

സി.– അവൾ കളിസ്ഥലത്തുപോയി, ശേഷംപേരുടെ കൂടെ കളിക്കുന്നതിൽ അധികം താല്പര്യം കാണിച്ചിരുന്നില്ല. കളിസ്ഥലത്തേക്കാൾ വൃക്ഷങ്ങളാലും പക്ഷികളുടെ മാധുര്യഗാനങ്ങളാലും മനോഹരമാക്കപ്പെട്ട തോട്ടത്തേയും, തോട്ടത്തേക്കാ

ൾ കപ്പേളയേയും തിരഞ്ഞെടുത്തിരുന്നു. അവളുടെ ആശ്വാസ സമയത്തു സഹോദരികളുടെ പക്കൽപോയി സന്യാസ ജീവിതത്തേക്കുറിച്ചു ചോദിക്കുകയോ ആദ്ധ്യാത്മികോപദേശം സ്വീകരിക്കുകയോ ചെയ്തിരുന്നു. ഞാൻ തന്നെ ഒരു ദിവസം അത്ഭുതപരതന്ത്രയായി നിന്നുപോയി. അവൾ എന്നോട്— സഹോദരീ! ധ്യാനം കഴിക്കുന്നതു് എങ്ങിനെയാണു്? എന്നു ചോദിച്ചു. ധ്യാനം എന്നതു് വൈദികരും സന്യാസികളും സന്യാസിനികളും അനുഷ്ഠിച്ചുവരുന്ന ഒരു ജ്ഞാനാഭ്യാസമാണല്ലോ. ഇപ്രകാരമുള്ള ഒരഭ്യാസത്തേക്കുറിച്ചു ഒരു ചെറിയ പെൺകുട്ടി ചോദിക്കുന്നതുതന്നെ ഒരസാധാരണ സംഭവമല്ലേ? വേദോപദേശം, തിരുസഭാചരിത്രം മുതലായവകളിൽ എല്ലായ്പ്പോഴും അവൾ തന്നെയാണു് സമ്മാനം വാങ്ങിച്ചിരുന്നതു്. അവൾക്കു് വേദോപദേശത്തിൽ നല്ല അറിവുണ്ടായിരുന്നതുകൊണ്ടു് വളരെ വിഷമതയേറിയ ചോദ്യങ്ങൾ അവൾ ചോദിച്ചിരുന്നു. തന്മൂലം കപ്ലോനച്ചൻ അവളേ 'എന്റെ ചെറിയ ദൈവശാസ്ത്ര പണ്ഡിത' എന്നാണു് വിളിച്ചുവന്നതു്.

ഞാൻ— ശേഷം കുട്ടികൾ അവളോടു് പ്രിയവും താല്പര്യവും കാണിച്ചിരുന്നോ?

സി— സഹോദരികൾക്കു് എല്ലാവർക്കും അവളോടു് വളരെ താല്പര്യമായിരുന്നു. എന്നാൽ കുട്ടികൾക്കു് അപ്രകാരമല്ലായിരുന്നു. അവളുടെ ബുദ്ധിസാമർത്ഥ്യത്തിൽ അവർക്കു് അതൃപ്തിതോന്നിയിരുന്നു. ക്ലാസ്സിൽവെച്ചു അവൾ നേടിയ വിജയങ്ങൾക്കു് പ്രതിസമ്മാനമെന്നപോലെ മറ്റുകുട്ടികൾ ക്ലാസ്സുവിട്ടുമ്പോൾ പല വിധത്തിൽ അവളെ ഉപദ്രവിച്ചിരുന്നു. അവൾ ഒരിക്കൽപോലും ശിക്ഷിക്കപ്പെട്ടിട്ടില്ല. ഈ ഒരു സംഗതി തന്നെ ദിവസംതോറുമെന്നപോലെ ശിക്ഷിക്കപ്പെടുന്ന കുട്ടികൾക്കു് ഹൃദയഭേദകമായിരുന്നു. സ്കൂൾ കുട്ടികൾ, സാധാരണമായി സംസാരിക്കുന്നതിനും ബഹളം ഉണ്ടാക്കുന്നതിനുമായി വാദ്ധ്യാർ ക്ലാസ്സിൽ നിന്നു എപ്പോഴാണു് ഇറങ്ങുന്നതെന്നു തരംനോക്കിക്കൊണ്ടിരിക്കും. എന്നാൽ ചെറുപുഷ്പം അങ്ങിനെ അല്ലായിരുന്നു. സാക്ഷാൽ നല്ല കുട്ടികൾ കീഴ്വഴക്കമുള്ളവരായി കാണപ്പെടുന്നതു് ദൈവത്തിനു വളരെ പ്രസാദിക്കുന്നതിനാണെന്നും അപ്രകാരം ചെയ്യുന്നതു ഉപാദ്ധ്യായരെ സന്തോഷിപ്പിക്കുന്നതിനേക്കാൾ ദൈവത്തെ സന്തോഷിപ്പിക്കുന്നതിനാണെന്നും സ്വഭവനത്തിൽ വെച്ചു അവൾ പരിശീലിപ്പിക്കപ്പെട്ടിരുന്നു. ക്ലാസുമുറിയിലും വരാന്തകളിലും മറ്റു കുട്ടികൾ ബഹളം ഉണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ അവർക്കു് ഒരു പാഠമായിരിക്കത്തക്കവണ്ണം കണിശമായ മൗനം അവൾ അവലംബിച്ചിരുന്നു. ഇതു കാണുമ്പോൾ അവരുടെ അതൃപ്തി പതിന്മടങ്ങു വർദ്ധിക്കുകയായിരുന്നു ചെയ്തിരുന്നതു്.

ചെറുപുഷ്പം കളിയിൽ വലിയ ആസക്തി കാണിച്ചിരുന്നില്ല. അവൾ പ്രകൃതിയാൽതന്നെ ബലഹീനയായിരുന്നതിനാൽ ശേഷം കുട്ടികളെപ്പോലെ കളിക്കുന്നതിനു സാധിക്കാതെ വന്നു. എന്നാൽ അപ്രകാരം സധിച്ചിരുന്നപ്പോൾ മറ്റുള്ളവർ അവളെ പരിഹസിക്കുകയും ക്ലാസ്സിൽ വെച്ചു അവർക്കു് ലഭിച്ച പരാജയത്തെ കളിയിലുള്ള വിജയംകൊണ്ടു് അവർ പകരംവീട്ടുകയും ചെയ്തിരുന്നു. തൽഫലമായി ചെറുപുഷ്പം അവരെ വിട്ടകന്നു ഏകാകിയായി ആശ്വാസസമയം കഴിക്കേണ്ടതായി വന്നുകൂടി. ഈ സമയത്താണു് വേദോപദേശം മനപ്പാഠമായി പഠിക്കുന്നതിനു അവൾ സമയം കണ്ടെത്തിയതു. ഇപ്രകാരം കുട്ടികൾ അവളോടു അതൃപ്തി കാണിച്ചിരുന്നു എങ്കിലും കാഴ്ചപ്പിടിപ്പുള്ള രണ്ടു കുട്ടികൾ ചെറുപുഷ്പത്തിന്റെ സഖികളായിത്തീർന്നു. ഇവരെക്കുറിച്ചു ചെറുപുഷ്പംതന്നെ പറയുന്നതു കേട്ടാലും! "ഈ സമയത്തു എന്റെ പ്രായമുള്ള രണ്ടു കുട്ടികളെ എന്റെ സഖികളായി ഞാൻ തിരിഞ്ഞെടുത്തു. ഏതോ കാരണവശാൽ അവരിൽ ഒരാൾ പല മാസങ്ങളോളം വീട്ടിൽ താമസിക്കേണ്ടതായി വന്നുകൂടി. ആ സമയത്തെല്ലാം ഞാൻ അവളേക്കുറിച്ചു ചിന്തിക്കുകയും വീണ്ടും അവളെ കാണുന്നതിനു വളരെ ആഗ്രഹം കാണിക്കുകയും ചെ

യ്തിരുന്നു. ഇതിനു പ്രതിഫലമായി അവളിൽ നിന്നു ലഭിച്ചതു് നിഷ്പക്ഷമായ ഒരു വീക്ഷണമത്രെ. എൻെറ സഖിത്വം അവൾ വിലവെച്ചില്ല. ഇതു് ശക്തിയായി എൻെറ ഹൃദയത്തിൽ പതിഞ്ഞതിനാൽഇപ്രകാരമുള്ളഅസ്ഥിരമായ ഒരു സഖിത്വം വീണ്ടു് ഒരിക്കൽപോലും ഞാൻ ആഗ്രഹിച്ചില്ല. എന്നിരുന്നാലും ഞാൻ അവളെ സ്നേഹിച്ചിരുന്നു. അവൾക്കു് വേണ്ടി പ്രാൎത്ഥിക്കുകകൂടെയും ചെയ്തിരുന്നു. ദൈവംഎനിക്കു് ഒരു സ്ഥിരഹൃദയം തന്നിട്ടുണ്ടു്. ഞാൻ ഒരിക്കൽ സ്നേഹിച്ചാൽ എല്ലായിപ്പോഴും സ്നേഹിക്കും. ലൌകികസ്നേഹബന്ധത്തിൽ നിന്നു കൈയ്പു് മാത്രം കണ്ടെത്തുവാൻ എനിക്കു് അനുവദിച്ചതിൽ നമ്മുടെ കൎത്താവിനു ഞാൻ അതിയായി ഉപകാരസ്മരണ ചെയ്യുന്നു. എൻേറതു പോലെയുള്ള ഒരു ഹൃദയം വേഗത്തിൽ കീഴടക്കപ്പെടുകയും അതിൻെറ ചിറകുകൾ ശീഘ്രം കെട്ടപ്പെടുകയും ചെയ്യും. ഇപ്രകാരമെങ്കിൽ എങ്ങിനെയാണു് 'ഞാൻ പറന്നുപോയി ആശ്വാസം കണ്ടെത്തുക,' ദൈവത്തോടു ഐക്യമായി ഇരിക്കേണ്ട ഒരു ഹൃദയം എങ്ങിനെയാണു് മാനുഷികസ്നേഹത്തിനായി പൂജിക്കപ്പെടുന്നതു്? അതു അസാദ്ധ്യം. ഇതുപോലെ പല ആത്മാക്കളും വെട്ടത്തിനടുക്കുന്ന ഈച്ചപോലെ ഈ വഞ്ചനനിറഞ്ഞ വെട്ടത്തോടു്- അതെ ഈ സ്നേഹത്തോടു്- അടുക്കുകയുംഒടുവിൽ അവരുടെ ചിറകുകൾ ദഹിപ്പിച്ചു കളയുകയും ചെയ്യുന്നു. അതിൻെറശേഷം ഹാനിഭവിച്ചവരായി നഃ കൎത്താവിൻെറ ദൈവികാഗ്നിയിൻ പക്കലോട്ടു്- അതേ കത്തിയാലും ദഹിക്കാത്ത ആ അഗ്നിയിൻ പക്കലോട്ടു് തിരിച്ചുവരുന്നു."

ഇതിനെ തുടൎന്നു പല ചോദ്യങ്ങളും ഞാൻ ചോദിച്ചു. എന്നാൽ കിഴവിയായ ആ സഹോദരി എന്നോടുള്ള സംസാരത്താൽ ക്ഷീണിച്ചുപോകുന്നതു കണ്ടു് ഞാൻ വീണ്ടും യാതൊന്നും ചോദിച്ചില്ല. എൻെറ ചോദ്യങ്ങൾക്കെല്ലാം ശരിയായ മറുപടി തന്നു് ചെറുപുഷ്പത്തിൻെറ സ്കൂൾ ജീവിതത്തേ എന്നെ വിവരമായി ഗ്രഹിപ്പിച്ചതിനെക്കുറിച്ചു, അവൾക്കു് ഹാൎദ്ദവമായ ഉപകാരസ്മരണയും ചെയ്തു സന്തോഷചിത്തനായി ഞാൻ ആ മഠം വിടുകയും ചെയ്തു.

സ്നേഹിതരേ! ചെറുപുഷ്പസഹോദരികളുമായുള്ള എൻെറ സന്ദൎശനവിവരം മുഴവനും ഞാൻ ഇതിനിടയ്ക്കു് നിങ്ങളെ അറിയിച്ചുകഴിഞ്ഞു. അതിൽ നിന്നു ഗുണപാഠങ്ങളെ സ്വീകരിക്കുന്നതിനുള്ള ചുമതല നിങ്ങൾക്കായി ഞാൻ വിട്ടുതന്നിരിക്കുന്നു. ചെറുപുഷ്പത്തിൻെറ ശൈശവകാലത്തെ ചരിത്രം നിങ്ങൾക്കു് അറിയിച്ചുതന്നതിൻെറ ഉദ്ദേശം, ശിശുക്കളുടെ ശരിയായ വളൎത്തലിൻെറ ഫലത്തേ ചൂണ്ടിക്കാണിക്കുന്നതിനും അപ്രകാരമുള്ള അഭ്യസനം ശിശുക്കൾക്കു് പ്രദാനം ചെയ്യുന്നതിനും വേണ്ടിയാകുന്നു. ചെറുപുഷ്പത്തിനു വി. കുർബാനയോടുണ്ടായിരുന്ന ഭക്തി നമ്മേയും അതിൽ ഉപരിയായി വൎദ്ധിപ്പിക്കുന്നതിനു പ്രേരിപ്പിക്കട്ടെ. പരി. കന്യകമറിയത്തോടുള്ള അവളുടെ ഭക്തി, അവളുടെ ഉപവി, മുതലായതു കേൾക്കുകയിൽ നിങ്ങളിൽ സദ്‌വിചാരങ്ങൾ ധാരാളമായി ഉൽഭൂതമായിരിക്കുന്നു. അതു കാത്തു പാലിക്കുന്നതിൽ ചെറുപുഷ്പം നിങ്ങളെ സഹായിക്കട്ടെ. പുഷ്പങ്ങളിൽ രാജ്ഞിയായറോസ്പുഷ്പവിൻെറസൌരഭ്യം പോലെയുള്ള അവളുടെ പുണ്യസൌരഭ്യത്തേ കണ്ടറിഞ്ഞ ശേഷം ഓരോരുത്തരും, ചെറുപുഷ്പത്തിൻെറ ജീവിതപരിശുദ്ധതയേയും, അവരവരുടെ ആത്മസ്ഥിതിയേയും തുലനം ചെയ്തുനോക്കട്ടെ. നമ്മുടെ ആത്മാവിലുള്ള മുള്ളുകളേയും കളകളേയും ക്രദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണാ വഴിയായിട്ടും നിരന്തര പ്രാൎത്ഥന വഴിയായിട്ടും പിഴുതുകളഞ്ഞു് ചെറുപുഷ്പ പുണ്യങ്ങളെ അതിൽ നട്ടുപിടിപ്പിച്ചു് ജ്ഞാനറോസപ്പൂക്കളുടെ ഒരു രമണീയതോട്ടമായി നമുക്കു് അതിനെ പകൎത്താം. ചെറുപുഷ്പം നിങ്ങളുടെ അപേക്ഷയ്ക്കും അവശ്യത്തിനുമനുസരണമായി റോസപ്പൂക്കളെ അതെ— ദൈവസ്നേഹം, നിരന്തര പ്രാൎത്ഥന, പരിശുദ്ധത, ഉപവി, പരിശുദ്ധ കന്യകയോടുള്ള ഭക്തി, സക്രാരിയിൽ മറഞ്ഞി

രിക്കുന്ന ദിവ്യരക്ഷകനോടുള്ള സ്നേഹം ആദിയായ പുഷ്പങ്ങളെ നിങ്ങളുടെ മേൽ ധാരാളമായി വർഷിപ്പിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ചെറുപുഷ്പ സഹോദരികളുമായ എൻെറ ആദ്യസന്ദർശനവിവരം അവസാനിപ്പിക്കട്ടേ. അടുത്തതവണ ചെറുപുഷ്പത്തെ സംബന്ധിച്ചു ഞാൻ പരിശുദ്ധ പിതാവുമായി നടത്തിയ രസകരമായ സന്ദർശനവിവരം അറിയിക്കുന്നതാണു്.

### ൲൯൨൯ തുലാമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## യഥാർത്ഥ സത്യാന്വേഷികൾ.

ദൈവം നിത്യഭാഗ്യപ്രാപ്തിക്കായി മനുഷ്യനേ ഈ ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നു. ദൈവത്തെ അറിഞ്ഞു സ്നേഹിച്ചു തൻെറ പ്രമാണങ്ങൾക്കനുസരിച്ചു ജീവിച്ചുകൊണ്ടാണു ഈ പരമാന്ത്യം പ്രാപിക്കേണ്ടതു. എന്നാൽ ഇപ്രകാരം ദൈവത്തേയും തൻെറ പ്രമാണങ്ങളെയും അറിയുന്നതിനും നിത്യഭാഗ്യം പ്രാപിക്കുന്നതിനും മനുഷ്യൻെറ സ്വാഭാവിക ശക്തികൊണ്ടോ സാധാരണ ജ്ഞാനം കൊണ്ടോ സാധിക്കുന്നതല്ല. ദൈവം തന്നെ അറിയിച്ചു തന്നെങ്കിലല്ലാതെ ഇതേപ്പററി ശരിയായ അറിവു മനുഷ്യനു ഉണ്ടാകാൻ അസാദ്ധ്യം. മഹാജ്ഞാനിയായ അരിസ്റ്റോട്ടൽ സ്വാഭാവിക ജ്ഞാനംകൊണ്ടു ഈ വക കാൎയ്യങ്ങളിൽ സിദ്ധിക്കാൻ പാടുള്ളടത്തോളം അറിവു സമ്പാദിച്ചു കഴിഞ്ഞശേഷം മരണനേരത്തു ഈ വിധമാണു പ്രസ്താവിച്ചതു. "ഇവയെപ്പററി സംശയഗ്രസ്ഥനായി ഞാൻ ജീവിച്ചു. ആകുല നിരതനായി മരിക്കുന്നു. എങ്ങോട്ടാണു ഞാൻ പോകുന്നതെന്നു എനിക്കൊരറിവുമില്ല. സച്ചിദാനന്ദൻ എൻെറമേൽ അനുഗ്രഹിക്കട്ടെ." അതേ, സ്വാഭാവികജ്ഞാനത്തിനു ഇത്രത്തോളം എത്താനെ സാധിക്കയുള്ളൂ. അതിൽക്കവിഞ്ഞുള്ളതു ദൈവം വെളിപ്പെടുത്തിയാൽ മാത്രമേ അറിവാൻ മനുഷ്യനു കഴികയുള്ളു. ആകയാൽ അങ്ങനെ വെളിപ്പെടുത്തുന്നതിനുള്ള ചുമതലതന്നെ സൎവ്വബോധജ്ഞാനിയായ ദൈവത്തിനുണ്ടു്; യഥാർത്ഥത്തിൽ താൻവെളിപ്പെടുത്തിയിട്ടുമുണ്ടു്. ഇപ്രകാരം ദൈവം വെളിപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിപ്പാൻ മനുഷ്യർക്കെല്ലാവർക്കും കടമയുള്ളതുമാകുന്നു. ഈ ദൈവവെളിപാടിനെ ലോകത്തിനു അറിയിച്ചു കൊടുക്കുക എന്നുള്ളതാണു കത്തോലിക്കാ സഭയുടെ ജോലി. അറിവില്ലായ്മയുടെ അന്ധകാരത്തിൽ കിടക്കുന്നവരെ ഓരോരുത്തരെയായി സഭ സത്യത്തിൻെറ വെളിച്ചത്തിലേക്കുകൊണ്ടുവരുവാൻ നിരന്തരം ശ്രമിച്ചുവരുന്നു. യഥാർത്ഥത്തിൽ സത്യത്തേ അന്വേഷിക്കുന്നവർ ഈ വഴിയ്ക്കു എളുപ്പത്തിൽ അതിനെ കണ്ടെത്തുന്നു. എന്നാൽ സത്യം അന്വേഷിക്കുന്നതിനെന്നുള്ള മട്ടിൽ സത്യത്തേ മറച്ചുകൊണ്ടും മറന്നുകൊണ്ടും സത്യത്തോടു പോരാടുന്നവർ തങ്ങൾക്കും അന്യർക്കുതന്നെയും നാശത്തിനു കാരണമാകുന്നു. ഇവർ സത്യം കണ്ടെത്തുക അസാദ്ധ്യമാണു. ആകയാൽ ഇവരുടെ നില അത്യന്തം അപകടകരവുമായിരിക്കുന്നു. ഈ വിധമുള്ള എല്ലാ സത്യാന്വേഷികളും പരിശുദ്ധാത്മാവിൻെറ വെളിവാൽ സത്യം കണ്ടുപിടിക്കുന്നതിനു ഇടയാകുന്നതിനു തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

നവംബർ— പ്രതിദിന ദിവ്യകാരുണ്യ സ്വീകരണം.

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബെക്കുമാൻസ്.


### 10. സന്ന്യാസവ്രതങ്ങൾ.

പ്രിയകുഞ്ഞുങ്ങളെ,

മുമ്പുപറഞ്ഞ വിധത്തിൽ നവസന്ന്യാസകാലം കഴിച്ചുകൂട്ടിയശേഷം നമ്മുടെ വിശുദ്ധൻ ൧൬൧൭ സെപ്റ്റംബർ ൨൫-ാംനു- സന്ന്യാസവ്രതങ്ങൾ അനുഷ്ഠിക്കയും ഇപ്രകാരം തന്നെത്തന്നെ മുഴുവനായി ദൈവത്തിനു ബലികഴിക്കയും ചെയ്തു. നിത്യരക്ഷ പ്രാപിക്കുന്നതിനു് ദൈവപ്രമാണങ്ങൾ കാത്തുകൊണ്ടു ജീവിച്ചാൽ മാത്രം മതി. എന്നാൽ കൂടുതൽ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനും, ഈശോമിശിഹായെ ഏററം പൂർണ്ണമായി അനുകരിക്കുന്നതിനും മനസ്സാകുന്നവരാണു് സുവിശേഷത്തിലെ ഉപദേശത്തിനു അനുസരിച്ചുള്ള ഈ പറഞ്ഞൊപ്പുകൾ ചെയ്തു ദൈവത്തിനു് തങ്ങളെത്തന്നെ സമർപ്പിക്കുന്നതു്. കീഴ്‌വഴക്കം, ദാരിദ്ര്യം കന്യാവ്രതം എന്ന മൂന്നു പറഞ്ഞൊപ്പുകളാണു് ഇപ്രകാരം തിരുസഭയിൽ നടപ്പിലിരിക്കുന്നതു്. കീഴ്‌വഴക്കം എന്ന പറഞ്ഞൊപ്പു വഴിയായി സ്വന്തമനസ്സിനെ മുഴുവൻ ദൈവത്തിനു ബലികഴിച്ചുകൊണ്ടു ഈശോമിശിഹായുടെ സ്നേഹത്തെക്കുറിച്ചു, ദൈവസ്ഥാനത്തിലിരിക്കുന്ന ശ്രേഷ്ഠന്മാർക്കു കീഴ്‌വഴങ്ങി ജീവിച്ചുകൊള്ളാമെന്നു ദൈവത്തോടു വാഗ്ദാനം ചെയ്യുന്നു. ദാരിദ്ര്യം എന്ന പറഞ്ഞൊപ്പിനാൽ ലോകത്തിൽ ഒരുവനുള്ളതും ഉണ്ടാകുവാൻ പാടുള്ളതുമായ സകലസമ്പത്തുകളേയും ഉപേക്ഷിച്ചു, തനതായി യാതൊന്നുമില്ലാതെ, ഈശോകർത്താവിനെപ്പോലെ അഗതിയായി ജീവിക്കുന്നതിനു ദൈവത്തിന്റെ മുമ്പാകെ പരസ്യമായി ഉടമ്പടി ചെയ്യുന്നു. കന്യാവ്രതത്താൽ സ്വന്തശരീരത്തേയും ശരീരസന്തോഷങ്ങളേയും ഉപേക്ഷിച്ചു വിരക്തനായി ജീവിക്കുന്നതിനു പറഞ്ഞൊക്കുന്നു. മനുഷ്യൻ ഈ ലോകത്തിൽ കാര്യമായി മതിക്കുന്ന എല്ലാററേയും ഇപ്രകാരം ദൈവത്തിനുവേണ്ടി ബലികഴിക്കുന്ന ഒരു വലിയ പൂജയാകുന്നു സന്ന്യാസത്തിലെ പറഞ്ഞൊപ്പുകൾ. ഇതു രക്തസാക്ഷിത്വത്തിനു തുല്യമായിരിക്കുന്നു എന്നു പുണ്യശാസ്ത്രജ്ഞന്മാർ സാക്ഷിക്കുന്നു. എല്ലാവർക്കും ഇതിന്റെ മനോഹരതയെ അറിവാനും അനുഭവിപ്പാനും സാധിക്കയില്ല. ദൈവം ഇതിനായി വിളിക്കുന്ന ഭാഗ്യപ്പെട്ട ആത്മാവുകൾ ഇപ്രകാരമുള്ള ജീവിതത്തിന്റെ മാധുര്യത്തെ അറിയുന്നതിനും, അതിന്റെ ഗൗരവമേറിയ കടങ്ങളെ നിറവേററുന്നതിനും വേണ്ട സഹായം ദൈവം തന്നെ അവർക്കു കൊടുക്കുന്നു. ഇപ്രകാരം ലോകത്തിനു മരിച്ചവരായി ജീവിക്കുന്നതു മനുഷ്യസ്വഭാവത്തിനു അത്ര എളുപ്പമുള്ള കാര്യമല്ല. എങ്കിലും ദൈവസ്നേഹം ഇതും ഇതിലധികവും സാധിപ്പാൻ ബലഹീനനായ മനുഷ്യനെ ശക്തനാക്കുന്നു. ഇതിനാൽ എണ്ണമില്ലാത്ത സ്ത്രീപുരുഷന്മാർ ഈ പരമബലിയെ നിറവേററിക്കൊണ്ടു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരായി ജീവിക്കുന്നതു നാം കാണുന്നു. ദൈവത്തോടു ചെയ്യുന്ന തങ്ങളുടെ ഈ പറഞ്ഞൊപ്പുകളെ വിശ്വസ്തതയോടെ അനുസരിച്ചു ജീവിക്കുന്നവർ തങ്ങൾ ഉപേക്ഷിക്കുന്നവയ്ക്കെല്ലാം ഒന്നിനു നൂറായിട്ടു ഈ ലോകത്തിൽതന്നെയും, പരലോകത്തിൽ നിത്യഭാഗ്യവും ദിവ്യമണവാളൻ പറഞ്ഞൊക്കുകയും ചെയ്തിരിക്കുന്നു. ഈ ചിന്തകളാണു വി. ബെക്മാൻസിനു തന്റെ പറഞ്ഞൊപ്പു ദിവസത്തിലെ പരമാനന്ദത്തിനു കാരണമായതു്. തൽസംബന്ധമായി വിശുദ്ധൻ തന്റെ പിതാവിനു എഴുതിയിരുന്ന വാക്കുകൾ സ്മരണീയമായിരിക്കുന്നു. "ദാരിദ്ര്യം, കന്യാവ്രതം കീഴ്‌വഴക്കം എന്ന മൂന്നാ

ണികളാൽ ഈശോയുടെ കുരിശിനോടു തറയ്ക്കപ്പെട്ട് ഞാൻ മരിക്കാൻപോകുന്നു. ഹാ! സന്യാസത്തിൽ ഈശോയുടെ കൈകളിൽ മരിക്കുന്നതു എത്ര മധുരമുള്ളതാകുന്നു. എന്റെ പിതാവേ! സന്തോഷിക്കുക. ഈ മരണത്താൽ അവിടത്തെ പുത്രൻ ജീവിക്കും. ഭാഗ്യമായി ജീവിക്കുകയും ചെയ്യും"

പ്രിയ കുഞ്ഞുങ്ങളെ, ഈ വിധ ഭാഗ്യം എല്ലാവർക്കും ലഭിക്കുന്നതല്ല. പതിനായിരങ്ങളിൽ ചിലർക്കുമാത്രം താൻ നൽകുന്ന പ്രത്യേകവിളിപ്പാകുന്നു. അതിനാൽ മനോഹരമായ ആ വിളിയുടെ സ്വരം നിങ്ങളിൽ വല്ലവരുടെയും ചെവികളിൽ മുഴങ്ങാനിടയായാൽ അതിനെ നഷ്ടപ്പെടുത്തിക്കളയരുതെന്നു മാത്രമെ ഞാൻ നിങ്ങളോടു ഇതേസംബന്ധിച്ചു പറയുന്നുള്ളു.



രാമപുരം കെ. സി. സി. എ. ബാലികാബാലസംഘങ്ങൾ

## II. ഈ മാസത്തെ മദ്ധ്യസ്ഥ.- വി. അമ്മത്രേസ്യാ.

(തിരുനാൾ ഒക്ടോബർ 15 ചൊവ്വാഴ്ച.)

കീർത്തിപെട്ട ഈ പുണ്യവതിയോടു കുഞ്ഞുമക്കൾ ഈ മാസത്തിൽ പ്രത്യേകം പരിചയപ്പെടേണ്ടതാണു. തുലുക്കരുടെ ഇടയിൽ വേദസാക്ഷിയായി മരിപ്പാൻ ചെറുപ്പകാലത്തു ആഫ്രിക്കായിലേക്കു ഓടിപ്പോകാൻപുറപ്പെട്ടകാലം മുതൽഅറുപത്തേഴാമത്തെ വയസ്സിൽദൈവസ്നേഹത്താൽനിറഞ്ഞുമരണംപ്രാപിച്ചതുവരെയുള്ളഈഅമ്മയുടെജീവിതംഅത്ഭുതകരമായഒന്നുതന്നെയായിരുന്നു. നാനാവിധത്തിലുള്ള വിഷമങ്ങളും ബുദ്ധിമുട്ടുകളും മനുഷ്യരിൽ നിന്നും പിശാചുക്കളിൽ നിന്നും പുണ്യവതിക്കുണ്ടായി. എല്ലാംക്ഷമയോടെ സഹിച്ചു ധൈര്യസമേതം യുദ്ധം ചെയ്തു കിരീടം പ്രാപിക്കയാണു ചെയ്തതു. വി. അമ്മത്രേസ്യായേ! പാപത്താൽ ദൈവത്തെ ഉപദ്രവിക്കുന്നതിനേക്കാൾ മരിക്കുന്നതിനു ഞങ്ങൾക്കു മനോഗുണംതരുവിക്കണമെ എന്നീമാസത്തിൽ കൂടക്കൂടെ ഈ അമ്മയോടു പ്രാർത്ഥിക്കുക.

## III. കെ. സി. സി. ഏ. ഡയറി.

കുടുംബപ്രതിഷ്ഠ സംബന്ധമായ ഇവിടത്തെ കുഞ്ഞുമക്കളുടെ ജോലി തുടൎന്നുവരുന്നു. നാലുഞായറാഴ്ച കൊണ്ടു പതിനേഴ വീടുകളിൽ പ്രതിഷ്ഠ നടത്തിക്കഴിഞ്ഞിരിക്കുന്നു. വീട്ടുകാർ കുമ്പസാരിച്ചു കുർബാന കൈക്കൊള്ളുന്നതിനും മററും നേരത്തെ ഏൎപ്പാടു ചെയ്യിരിക്കും. വീടുകൾ അലങ്കരിക്കുന്നതിനും കുഞ്ഞുമക്കൾ തന്നെയാണു പ്രധാന ഉത്സാഹികൾ. പത്തും ഇരുപതും പേർ ബാഡ്ജു ധരിച്ചു അച്ചനോടുകൂടെ പ്രതിഷ്ഠയിൽ സംബന്ധിക്കയും കീൎത്തനങ്ങളും മററും പാടി ക്രിസ്തുരാജന്റെ സിംഹാസനാരോഹണം നടത്തുകയും ചെയ്യുന്നു.

* * *

ഇവിടത്തെ വലിയ കുഞ്ഞുമക്കളായ കെ സി. വൈ. ഏ. ക്കാരുടെ ശ്രമങ്ങളും ഫലസിദ്ധിയുള്ളതായി കാണുന്നുണ്ടു്. യുവജനങ്ങളുടെയെല്ലാം ഒരു തിരുഹൃദയപ്രതിഷ്ഠ നടത്തിയശേഷം മധ്യവൎജ്ജനകാൎയ്യത്തിലേക്കാണു അവർ പ്രധാനമായി ശ്രദ്ധ തിരിച്ചിരിക്കുന്നതു്. അതിലേക്കു പന്ത്രണ്ടുപേരടങ്ങിയ ഒരു കമ്മററി നിശ്ചയിച്ചു. കുടുംബങ്ങൾതോറും മധ്യവൎജ്ജനത്തിനായി പ്രത്യേക പ്രാൎത്ഥനകൾ നടത്തിവരുന്നുണ്ടു്. അതോടുകൂടെ കമ്മററിക്കാർ ഊൎജ്ജിതമായ ശ്രമവും തുടങ്ങി. മദ്യപന്മാരായിരുന്ന പലരും സംഘത്തിൽ ചേൎന്നു മദ്യപാനം ചെയ്കയില്ലെന്നു് സമ്മതിച്ചു എഴുതിഒപ്പിട്ടു കൊടുത്തു. അതിനു വഴിപ്പെടാത്തവരുടെ പക്കൽ കമ്മററിക്കാർ ഡെപ്യൂട്ടേഷനായിച്ചെന്നു അപേക്ഷിച്ചു വശത്താക്കിവരുന്നു. ആകപ്പാടെ കുറെ മാസങ്ങളായിട്ടുള്ള മാററം ദൈവാധീനത്താൽ അത്ഭുതകരം തന്നെ.

* * *

കെ. സി. വൈ. ഏ. ഇൻഡസ്ട്രിയൽ സ്കൂൾ കഴിഞ്ഞമാസത്തിൽ വി. അഗുസ്റ്റീനോസ് പുണ്യവാന്റെ തിരുനാൾ ദിവസമാണു ആരംഭിച്ചതു. ഒന്നാമത്തെ സെററായി പത്തു ചെറുപ്പക്കാർ പാഠം തുടങ്ങി. കുഞ്ഞുമക്കൾ നെയ്യെടുത്ത വസ്ത്രങ്ങളോടുകൂടെ കഴിഞ്ഞയാഴ്ച അവരെക്കണ്ടപ്പോഴുണ്ടായ സന്തോഷം ഒന്നും പറവാനില്ല. വലിയ കുഞ്ഞുമക്കളുടെയെല്ലാം ശ്രദ്ധയെ വീണ്ടും ഇതിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ആദ്യം തുടങ്ങിയിരിക്കുന്നവരുടെ അഭ്യാസം കഴിയുന്നതോടുകൂടെ വേറെ പത്തുപേൎക്കു തുടങ്ങാവുന്നതാണു്. പാഠംകഴിഞ്ഞാൽ ഒരു പത്തുരൂപായുണ്ടെങ്കിൽ തനതായി ഓരോയന്ത്രങ്ങൾ ഓരോസ്ഥലത്തും സ്ഥാപിക്കാൻ കഴിയും. അവനവന്റെ കുടുംബത്തേക്കു വേണ്ട വസ്ത്രങ്ങൾ നിങ്ങൾക്കുതന്നെ ഉണ്ടാക്കാറാകണം. വെറുതെ നേരവും ശക്തിയും നഷ്ടപ്പെടുത്തി, സമുദായത്തിനും കുടുംബത്തിനും ഭാരമായി കഴിഞ്ഞുകൂടുന്ന എത്രയോ ആളുകളെ നിങ്ങൾ ശ്രമിച്ചാൽ ഈവിധത്തിൽ ഉപയോഗയോഗ്യരാക്കുവാൻ കഴിയും. ഒന്നു പരീക്ഷിച്ചു നോക്കുക. വേണ്ട ഒത്താശകളെല്ലാം ചെയ്തുതരാൻ കൊച്ചച്ചനും തയാറുണ്ടു്.

* * *

മൂന്നു നന്മനിറഞ്ഞ മറിയം പതിവായി ചൊല്ലിവരുന്ന കുഞ്ഞുമക്കളുടെ പേരുകൾ കിട്ടിയിട്ടുള്ളതിൽ കുടീരിപ്പിൽ ജോൎജ്ജ് ചേപ്പുങ്കൽ, ചൂരക്കുളം ജോസഫ് മാന്നാനം, കാക്കനാട്ടു ഏലി കുറവിലങ്ങാട്ട്, തലശ്ശേരി ജോസഫ് മേറി, കുമ്പളം എന്നിവൎക്കു ഇത്തവണത്തെ സമ്മാനം ലഭിച്ചിരിക്കുന്നു. സെപ്ററമ്പർ മാസത്തെ മത്സരം കഴിഞ്ഞലക്കം കുസുമത്തിൽ നോക്കുക.

* * *

എന്റെ കാവല്ക്കാരനായി ''ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്ന കൎത്താവിന്റെ മാലാഖായേ! എന്നെ നീ തെളിയിച്ചു സംരക്ഷിച്ചു നടത്തിക്കൊള്ളണമെ'' എന്ന സുകൃതജപം പഠിച്ചു ദിവസേന ചൊല്ലിക്കൊണ്ടുവരാൻ നിശ്ചയിക്കുന്നവരുടെ പേരുകളാണു് ഒക്ടോബർമാസത്തേയ്ക്കു് അയയ്ക്കേണ്ടതു്. ഈ ജപം ചൊല്ലുന്ന ഓരോതവണയ്ക്കും ൧൦൦ ദി. ദ. വി.വും മാസത്തിൽ ഒരു പൂ. ദ. വിമോചനവും ആറാം പീയൂസ് മാൎപ്പാപ്പാ നിശ്ചയിച്ചിട്ടുണ്ടു്. ഇതുകൂടാതെ മരണനേരത്തു ഒരുപൂൎണ്ണ ദണ്ഡവിമോചനവും പ്രാപിപ്പാൻ പാടുണ്ടു്.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## തൃശ്ശൂർ മെത്രാനച്ചൻ—തിരുമനസ്സുകൊണ്ടു.

വിദേശപര്യടനവും കഴിഞ്ഞു അഗസ്റ്റ് 27-ാംനു- വെള്ളിയാഴ്ച തിരുമനസ്സുകൊണ്ടു ബോംബെയിൽ എത്തിയിരിക്കുന്നു. തിരുമേനിയെസ്വീകരിക്കുന്നതിനു റവ. ഫാദർ പാലോക്കാരൻ അവിടെ നേരത്തെ എത്തിയിരുന്നു. അവിടെ നിന്നും ഒക്ടോബർ 2-ാംനു- രാവിലെ ഷൊർണ്ണൂർ എത്തുന്നതും മോട്ടോർ മാർഗ്ഗം വടക്കാഞ്ചേരിലെത്തി ദിവ്യപൂജ അർപ്പിച്ചിട്ടു മോട്ടോർവഴി തന്നെ 9 മണിക്കു തൃശ്ശൂക്ക് പുറപ്പെടുന്നതുമാകുന്നു. സിവിൽ ആസ്പത്രിക്കു തെക്കുവശത്തുള്ള മൈതാനത്തുനിന്നും രൂപതയിലെ സകല പള്ളിക്കാരും ചേർന്നു ലൂർദ്ദു കത്തീദലിലേക്കു കെങ്കേമമായ ഒരു എതിരേൽപ്പുണ്ടാകും. ഒക്ടോബർ 4—ാംനു- വെള്ളിയാഴ്ച അരമനയിൽവച്ചു കേമമായ ഒരു ഗാർഡൻപാർട്ടി നടത്തപ്പെടുന്നതാകുന്നു. യൂറോപ്പു പര്യടനശേഷം വത്തിക്കാൻ നഗരത്തിലെത്തി പരിശുദ്ധപിതാവിനെ രണ്ടാമതും സന്ദർശിക്കുകയും, പലസ്തീനായിലെ വിശുദ്ധ സ്ഥലങ്ങൾ പോയി കാണുകയും ചെയ്തശേഷം സസുഖം മടങ്ങിയെത്തിയിരിക്കുന്ന പൂജ്യപാദനായ തിരുമേനിയോടൊന്നിച്ചു ഞങ്ങളും ദൈവത്തിനു സ്തോത്രംചെയ്തുകൊള്ളുന്നു.

---

## കറുകുററി മഠത്തിലെ ചെറുപുഷ്പനൊവേന.

### സിസ്റ്റർ ബയാട്രിസ്, ചെറുപുഷ്പമഠം. കറുകുററി— അങ്കമാലി.

ചെറുപുഷ്പം എന്ന് അപരനാമമുള്ള വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥഖ്യാതി ലോകപ്രസിദ്ധമായതോടുകൂടി ഇവിടെയും വി. ചെറുപുഷ്പത്തോടുള്ള ഭക്തി പ്രദർശിപ്പിക്കുന്നതിനായി നൊവേന മുതലായ തിരുക്കർമ്മങ്ങൾ നടത്തിത്തുടങ്ങി. അതേപ്പററി അപ്പഴപ്പോൾ ചില ഇംഗ്ലീഷ് പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്നു. തന്നിമിത്തം അതിൽ ഭാഗഭാക്കാകുന്നതിനുള്ള അപേക്ഷ ഉത്തരഇൻഡ്യാ മററു വിദൂരരാജ്യങ്ങൾ മുതലായ സ്ഥലങ്ങളിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്നു. ഈ ഭക്തകൃത്യങ്ങൾ കേരളത്തിലെ ജനങ്ങൾക്കും കൂടുതൽ ഉപയോഗപ്രദമായിത്തീരുന്നതിനാണ് ഈ വിവരം 'കുസുമ'ത്തിൽ പ്രസിദ്ധം ചെയ്യുന്നതു്.

എല്ലാമാസങ്ങളുടെയും ൧, ൧൦, ൨൦ എന്നീ തീയതികളിൽ രണ്ടു സമയത്തായി ഈരണ്ടു നൊവേന നടത്തിവരുന്നതിനുംപുറമെ ചെ. പു. തിരുനാളിനും വിശുദ്ധ എന്നു നാമകരണംചെയ്ത തീയതിക്കും മുൻപുള്ള ഒൻപതു ദിനങ്ങളിൽ കാലത്തും ഉച്ചക്കും വൈകിട്ടുമായി മൂന്നു നൊവേനകൾവീതം നടത്തിവരുന്നു. ഇവയിൽ കാലത്തേതു ദിവ്യകാരുണ്യം പരസ്യമായി സ്ഥാപിച്ചാണ് നടത്തുന്നതു്. ഈ തിരുക്കർമ്മങ്ങളിലെല്ലാം ഈ സ്ഥാപനത്തിലുള്ള സഹോദരികൾ, വിദ്യാർത്ഥിനികൾ, അനാഥക്കുട്ടികൾ മററു ജനങ്ങൾ മുതലായി അനവധി ആളുകൾ സംബന്ധിക്കുന്നുണ്ടു്.

വിശുദ്ധയുടെ അടുത്ത തിരുനാൾ ചില പ്രത്യേക കാരണങ്ങളാൽ ഒക്ടോബർ 6—ാംനു- ഞായറാഴ്ചയാണ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതു്. അഞ്ചാം തീയതി വൈകുന്നേരം ആഘോഷമായ വേസ്പരയും ആറാം തീയതി ഉയിരവരുടെ റാസ പ്രസംഗം പ്രദക്ഷിണം മുതലായ ദിവ്യകർമ്മങ്ങളും ഉണ്ടായിരിക്കും. കാലേക്കൂട്ടി അയക്കുന്ന അപേക്ഷക്കത്തുകൾ നൊവേനപ്പെട്ടിയിൽ സൂക്ഷിച്ചു അവയിൽ അടങ്ങിയിരിക്കുന്ന നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുന്നതും അവധി കഴിഞ്ഞാൽ തുറന്നുനോക്കാതെ അവദഹിപ്പിച്ചുകളയുന്നതുമാണ്. കഴിഞ്ഞ മൂന്നുമാസങ്ങൾക്കുള്ളിൽ ഞങ്ങളുടെ ബ. കപ്പോനച്ചൻ വഴിയായി താഴെപ്പറയുന്ന സംഭാവനകൾ ഇവിടത്തെ കപ്പേളപണിക്കായി ലഭിച്ചിട്ടുണ്ടെന്നുള്ളതുംകൃതജ്ഞതാപുരസ്സരം പ്രസ്താവിച്ചുകൊള്ളുന്നു. ററി. ജി. ൨൦൦ ക. ഫാദർ പി. എ. ൧൦൦ ക. ഇ. സി. ക്കുവേണ്ടി ഫാദർ ജെ. പി. ൧൫ ക. സിസ്റ്റേഴ്സ് സി. ൧൩–൭–൦. എ. എൽ. ൨–൧൧–൩. ഡി. ൫–൩–൦. എസ്സ്. സി. ൭–൧–൦. എ. ജി. ൫–൩–൦. ഐ. എസ്സ്. ൫–൩–൦. എ. ററി. ൭–൧–൦. മിസ്സസ്സ് ജി. ബി. ൫–൩–൦. എം. ജി. ൨–൧൧–൩. ൫ രൂപാവീതം ൬ പേരിൽനിന്നു ൩൫ ക. ചില്ലറ തുകകൾ ൨–൧൧–൩. ആകെ രൂപാ ൩൨൫–൨–൩.

## പരേതനായ ക. നി. മൂ. സ. ബ. യോ. ക്രൂസ് സഹോദരനവർകൾ.

സെപ്റ്റംബർ ൧൩—ാംനു- രാവിലെ ചെത്തിപ്പുഴ ആശ്രമത്തിൽവെച്ചു ഇദ്ദേഹം നാല്പത്തെട്ടാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ചമ്പക്കുളം ഗാഗുൽത്താ കൊവേന്തയിൽവെച്ചു കുറേമുമ്പു ഇദ്ദേഹത്തിനു ഉദരരോഗസംബന്ധമായ ചില വിഷമതകൾ ആരംഭിച്ചതാണ്. അവിടത്തെ ചികിത്സകൾകൊണ്ടൊന്നും ഫലം കിട്ടായ്കയാൽ ചെത്തിപ്പുഴ ആശ്രമത്തിൽ താമസിച്ചുകൊണ്ടു ഡോക്ടർ കെ. സി. ചാണ്ടി അവർകളുടെ ചികിത്സ നടത്തിയതിൽ കുറേ ഗുണം കണ്ടെങ്കിലും കുടലിലുണ്ടായ കുരുക്കൾ ക്രമേണ വൎദ്ധിച്ചുരോഗം അപകടത്തിലാകുകയുംഅന്ത്യക്രദാശകളെല്ലാം സുബോധത്തോടേ കൈക്കൊണ്ടു അദ്ദേഹം അന്ത്യശ്വാസം വിടുകയുമാണുണ്ടായതു്. അന്നുതന്നെ മൂന്നുമണിക്കു സംസ്കാരകൎമ്മങ്ങൾ യഥാവിധി നടത്തി. കാഞ്ഞിരപ്പള്ളിൽ മറ്റക്കുഴി എന്നപുരാതനകുടുംബത്തിലെ ഒരു അംഗമായിരുന്ന ഇദ്ദേഹം തന്റെ പിതാവിനെപ്പോലെ തന്നെ അവിടങ്ങളിൽ പേരുകേട്ട ഒരു ആയുൎവ്വേദ വൈദ്യനായിരുന്നു. ഭാൎയ്യയുടെ നിൎയ്യാണാനന്തരം ലോകമുപേക്ഷിച്ചു പത്തുകൊല്ലം മുമ്പു കൎമ്മലീത്താസഭയിൽ പ്രവേശിച്ചു. രണ്ടു പുത്രിമാരുണ്ടായിരുന്നവരെ കന്യകാമഠത്തിലേക്കും അയച്ചു. അനുകരണീയമായ പുണ്യശ്രുഷ്കാന്തിയോടെ നവസന്യാസകാലം കഴിച്ചശേഷം സന്യാസവ്രതങ്ങൾ അനുഷ്ഠിക്കയും മുത്തോലി, ചെത്തിപ്പുഴ, പൂഞ്ഞാറു്, ചമ്പക്കുളം ആദിയായ ആശ്രമങ്ങളിൽ സ്തുത്യൎഹമായവിധം ജോലി നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഏകാന്തതയിലും ദൈവഭക്തിയിലും ഇദ്ദേഹത്തിനു പ്രത്യേക അഭിരുചിയുണ്ടായിരുന്നതു കൂടാതെ രോഗികളെ ശുശ്രൂഷിക്കുന്നതിൽ അസാമാന്യ നൈപുണ്യം പ്രദൎശിപ്പിച്ചിരുന്നു. അന്ത്യരോഗത്തിലെ വേദനകളെല്ലാം മാതൃകായോഗ്യമായ ക്ഷമയോടെ സഹിച്ചുകൊണ്ടു ഇഹലോകവാസം വെടിയുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ആത്മാനുകൂലാൎത്ഥം വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ചതായിപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

പാലാഇടവക മേത്തല ശ്രീമതി മറിയാമ്മ ചിങ്ങം 5—ാനു- 70 വയസ്സ.

പുത്തഞ്ചിറപ്പള്ളി ഇടവക അംവൂക്കൻ വലിയയോഹന്നാനച്ചൻ ആഗസ്റ്റ് 10-ാംനു- 68 വയസ്സ്.

മാനത്തൂർ 542—ാം നമ്പർ കെ. സി. സി. ഏ. സംഘത്തിന്റെ അംഗമായ കിഴക്കേവേലിക്കാത്തു ഉലഹന്നൻകുട്ടി ആഗസ്റ്റ് 21—ാംനു- 11 വയസ്സ്.

ചേൎത്തല വെളീപ്പറമ്പിൽ വക്കി ഔസേപ്പു ആഗസ്റ്റ് 30-ാംനു-

കുഴുനാട്ട് 147-ാം നമ്പർ ബാലികാസംഘം സെക്രട്ടറി ശ്രീമതി മറിയാമ്മ സെപ്റ്റംബർ 1-ാംനു-

കുടക്കച്ചിറ 452-ാം നമ്പർ കെ. സി. സി. ഏ സംഘത്തിന്റെ രണ്ടാം ആലോചനക്കാരനായ കെ. ജെ. വക്കി സെപ്റ്റംബർ 2-ാംനു- 15 വയസ്സ്

കുറവിലങ്ങാട്ടു 45-ാം നമ്പർ ബാലികാസംഘത്തിലെ ഒരംഗമായ മഞ്ഞപ്പള്ളിൽ ഏലിക്കുട്ടി സെപ്റ്റംബർ 2-ാംനു- 16 വയസ്സ്.

കാരാഞ്ചിറ ഇടവക ആലപ്പാട്ട് പ്രഞ്ചുദേവസ്സി എൽ. എം. എസ്. അവർകൾ സെപ്റ്റംബർ 6-ാംനു- 30 വയസ്സ്.

കാവാലം ഇടവക ളാച്ചന്തറ മാത്തൻചാക്കോ അവർകൾ സെപ്റ്റംബർ 23-ാംനു- 67 വയസ്സ്.

ആരക്കുഴ ഇടവക ചക്കാലയിൽ ബ. യൌസേപ്പച്ചനവർകൾ സെപ്റ്റംബർ 25-ാംനു-

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press Mannanam 1929.